# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം / ജി പി- 13/1620/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 18/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം / ജി പി- 13/1620/23 തീയ്യതി: 18/12/2023

## തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ ( ഹ ഗ്രേ) | 09-10-2023 | 19-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-10-2023 | 19-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ലിഷ.കെ.വി.ഓഡിറ്റ് ഓഫീസർ

സ്വപ്ന.എസ്.സീനിയർ ഗ്രേഡ് ഓഡിറ്റർ

റീന.ആർ.ഓഡിറ്റർ

മിനിമോൾ.എസ്.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേഷ്. പി.വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സന്തോഷ് കുമാർ.റ്റി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സൌമ്യ ശശിധരൻ | മെഡിക്കൽ ഓഫീസർആയുർവേദം | 01-04-2022 | 31-03-2023 |
| സാവിത്രി.എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഷൈജ.എം, ജൌഹല്യ | ഹെഡ് മാസ്റ്റർ | 01-04-2022 | 01-07-2022 |
| സജൻ മേരി | ഹെഡ് മാസ്റ്റർ | 01-07-2022 | 04-09-2022 |
| സജി കുമാർ | ഹെഡ് മാസ്റ്റർ | 05-09-2022 | 31-03-2023 |
| ചിത്ര കെ ആർ | വില്ലേജ് എക്സ്ടെൻഷൻ ഓഫീസർ , സർക്കിൾ1 | 01-04-2022 | 31-03-2023 |
| രാജേഷ്,ആർ | വി ഇ ഒ സർക്കിൾ 2 | 01-04-2022 | 10-08-2022 |
| ചിത്ര കെ ആർ | വി ഇ ഒ സർക്കിൾ 2 | 11-08-2022 | 10-01-2023 |
| വിഷണു.ആർ | വി ഇ ഒ സർക്കിൾ 2 | 11-01-2023 | 31-03-2023 |
| ആൻസി റഷീദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| രശ്മി.പി.നായർ | അസിസ്റ്റന്റ് എഞ്ചീനീയർ | 01-04-2022 | 31-03-2023 |
| ഡോ. ബൈജു.കെ | വെറ്റിനറി സർജൻ | 01-04-2022 | 28-09-2022 |
| ഡോ. അർച്ചന സത്യൻ | വെറ്റിനറി സർജൻ | 29-09-2022 | 30-01-2023 |
| ഡോ. ദീപു.ബി .എസ് | വെറ്റിനറി സർജൻ | 30-01-2023 | 31-03-2023 |
| ഡോ.നിജു.എം.എൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ധന്യകൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2022 | 27-07-2022 |
| ബിനിജോസ് | കൃഷി ഓഫീസർ | 27-07-2022 | 31-03-2023 |
| വിജയൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-09-2022 |
| മനോജ് കുമാർ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-10-2022 | 08-11-2022 |
| പ്രദീപ് എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 09-11-2022 | 10-02-2023 |
| മനോജ് കുമാർ.എം | അസിസ്റ്റന്റ് സെക്രട്ടറി | 11-02-2023 | 31-03-2023 |
| ചിത്ര കെ.ആർ. | വി.ഇ.ഒ.-1 | 01-04-2022 | 31-03-2023 |

..

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | പണമാക്കാത്ത ചെക്കുകൾ - തുക ക്രഡിറ്റ് ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല | 1-1-5 |
| 7 | Cheque Deposited But Not Cleared – നടപടി അനിവാര്യം | 1-1-6 |
| 8 | Advance To Implementing Officers – വാർഷിക ധനകാര്യ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം ചെലവ് വരവിനേക്കാൾ അധികമായിരിക്കുന്നു | 1-1-8 |
| 10 | പഞ്ചായത്തിന്റെ ദുരിതാശ്വാസനിധി യുടെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-9 |
| 11 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല | 1-1-10 |
| 12 | 2022-23 വർഷം ആരംഭിച്ച വിവിധ അക്കൗണ്ടുകളുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | നിക്ഷേപ പ്രവൃത്തിയ്ക്കായി കെ.സ്.ഇ.ബി യ്ക്ക് അനുവദിച്ച തുക – സുലേഖ ചെലവ് പത്രികയും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-14 |
| 16 | " Liability In Respect Of Stale Cheque" ഹെഡിലെ തുക വരുമാനമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല | 1-1-15 |
| 17 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | പ്രത്യേക ഗ്രാന്റ് തുകകളുടെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-17 |
| 19 | സംയുക്ത പ്രോജക്റ്റിനായി ലഭിച്ച തുക - നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-18 |
| 20 | വാർഷിക ധനകാര്യ പത്രിക പരിശോധന – മറ്റപാകങ്ങൾ | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | ബജറ്റ് - അപാകങ്ങൾ | 1-2-1 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഗ്രാന്റ് വിനിയോഗം | 1-4 |
| 25 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 26 | പദ്ധതി അവലോകനം | 1-5 |
| 27 | ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-6 |
| 28 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 30 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 31 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 32 | തനത് വരുമാന ശേഖരണം - അവലോകനം | 1-11 |
| 33 | വസ്തു നികുതി അപാകങ്ങൾ | 1-12 |
| 34 | തൊഴിൽ നികുതി അപാകതകൾ | 1-13 |
| 35 | വാണിജ്യ വ്യവസായ ലൈസൻസ് അപാകതകൾ | 1-14 |
| 36 | നീനു ക്രഷർ ഇൻഡസ്ട്രി എന്ന സ്ഥാപനം സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയില്ല | 1-15 |
| 37 | ഒ.പി. ക്ലിനിക് എന്ന സ്ഥാപനം പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയില്ല. | 1-16 |
| 38 | ജ്വാല- സ്ത്രീകളുടെ സമഗ്ര വികസനവും സുരക്ഷയും- ചെലവ് രേഖകളും നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല- 165000 രൂപ തടസ്സപ്പെടുത്തുന്നു. | 1-17 |
| 39 | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം - പദ്ധതി നിർവഹണത്തിൽ അപാകം അധികമായി നല്കിയ 61875/- രൂപയും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതെ നല്കിയ 726000/- രൂപയും തടസ്സപ്പെടുത്തുന്നു. | 1-18 |
| 40 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതി- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി- 80400/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-19 |
| 41 | ഭിന്നശേഷിക്കാരുടെ കലാ കായിക മത്സരങ്ങൾ–31000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-20 |
| 42 | സായന്തനം വയോജനങ്ങൾക്കുള്ള സമഗ്ര പ്രാഥമിക പരിരക്ഷാ പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കിയില്ല 9180/-രൂപ തടസ്സപ്പെടുത്തുന്നു | 1-21 |
| 43 | പാഥേയം പദ്ധതി വിനിയോഗ വിവരം ലഭ്യമാക്കിയില്ല 334080 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-22 |
| 44 | അങ്കണവാടി അനുപൂരക പോഷകാഹാരം ചെലവു രേഖകൾ പൂർണമായി ഹാജരാക്കിയില്ല-344091/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-23 |
| 45 | മേശയും കസേരയും വിതരണം(എസ്.സി) പദ്ധതിയിലെ അപാകങ്ങൾ | 1-24 |
| 46 | പ്രൊക്യൂർമെന്റ് കമ്മിറ്റി തെരഞ്ഞെടുത്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല | 1-25 |
| 47 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി - ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല | 1-26 |
| 48 | കന്നുകുട്ടി പരിപാലനം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 225000/- രൂപ തടസ്സപ്പെടുത്തുന്നു | 1-27 |
| 49 | ചങ്ങാതി-സഞ്ചരിക്കുന്ന ലൈബ്രറി- ചെലവു രേഖകൾ പൂർണ്ണമായും ലഭ്യമല്ല- | 1-28 |
| 50 | ഭൗമ വിവര പഞ്ചായത്ത് കരാർ പ്രകാരമുളള കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-29 |
| 51 | എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ലാതെയും കരാറിലേർപ്പെടാതെയും ഡെപ്പോസിററ് പ്രവർത്തികൾക്ക് തുക കൈമാറി- വിനിയോഗ വിവരവും അനുബന്ധരേഖകളും ലഭ്യമല്ല- ചെലവു തുക199500 രൂപ തടസ്സത്തിൽ വക്കുന്നു. | 1-30 |
| 52 | വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം- വിഹിതം കൈമാറൽ– പദ്ധതി മാർഗ്ഗരേഖ, സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ, എന്നിവ പാലിച്ചിട്ടില്ല- വിനിയോഗ വിവരം ലഭ്യമല്ല- 96000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-31 |
| 53 | ആസ്തി സംരക്ഷണം, ആസ്തി രജിസ്റ്റർ കാലികമാക്കൽ എന്നിവ പൂർണ്ണമായും നടപ്പിലായില്ല | 1-32 |
| 54 | വിനിയോഗ വിവരം ലഭ്യമല്ല- ചെലവു തുക 488052/- രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| 55 | പൊതു ടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിന് തുക അടവാക്കൽ– പ്രവൃത്തി പൂർത്തീകരിച്ചില്ല- ചെലവു തുക 182000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-34 |
| 56 | അതി ദരിദ്ര പട്ടികയിൽ ഉൾപ്പെട്ടവർക്ക് വീട് അറ്റകുറ്റപണി-രേഖകൾ ലഭ്യമല്ല- ചെലവു തുക 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-35 |
| 57 | തെരുവ് വിളക്ക് പരിപാലനം -അപാകങ്ങൾ | 1-36 |
| 58 | അടാട്ട് മോഡൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-37 |

| | | |
|---|---|---|
| 59 | ലൈഫ് ഭവന പദ്ധതി -പൊതുവായ അപാകങ്ങൾ | 1-38 |
| 60 | ലൈഫ് ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-39 |
| 61 | ടേക്ക് എ ബ്രേക്ക് പദ്ധതി- വാലിഡ് ആയ ടെണ്ടർ നിലവിലിരിക്കെ പകുതി നിർമ്മാണ പ്രവർത്തനങ്ങൾ മാത്രം കരാറുകാരനെ കൊണ്ട് ചെയ്യിച്ച് 2022-23 വർഷം വീണ്ടും പുതിയ ടെണ്ടർ ക്ഷണിച്ച് പ്രവർത്തി പൂർത്തീകരിച്ചു. അധിക തുക നൽകിയത് വിശദീകരിക്കേണ്ടതാണ് | 1-40 |
| 62 | ടോയ്‌ലെറ്റ് നവീകരണം -രേഖകൾ ലഭ്യമാക്കിയില്ല | 1-41 |
| 63 | എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-42 |
| 64 | ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പദ്ധതികളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 449100/- രൂപ തടസ്സപ്പെടുത്തുന്നു | 1-43 |
| 65 | അതിദരിദ്രർക്കുള്ള മരുന്നും ചികിത്സയും ബ്ലോക്ക് വിഹിതം സുലേഖയിൽ ചെലവ് വന്നത് 190000/-ചെലവ് രേഖകൾ ലഭ്യമല്ല | 1-44 |
| 66 | പച്ചക്കറി തൈ വിതരണം - ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്തവർക്ക് നൽകി | 1-45 |
| 67 | പാലിയേറ്റീവ് പരിചരണം - പ്രവർത്തനാവലോകനം | 1-46 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13.07.2023 ലെ 4(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2023ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ എന്നിവ 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു. (ഓഡിറ്റ് എൻക്വയറി 19/22-23, 17.10.2023)

### 1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ പ്രതിമാസം ഡിമാന്റ് ചെയ്തിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|

| | | |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201215/31.03.223, 42201296/31.03.2023 |
| 110100102 | Property Tax On Non Residential | 42201216/31.03.2023 |
| 110200101 | Profession Tax - Institutions | 42201294/31.03.2023 |
| 110200105 | Profession Tax - Traders | 42201295/31.03.2023 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 19/22-23, 17.10.2023)ക്ക് വരും വർഷങ്ങളിൽ ഡിമാന്റ് ചെയ്യുന്നതാണെന്ന് മറുപടി നൽകി.

## 1-1-3 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ തൻവർഷം വിവിധ പദ്ധതികളിലായി വാങ്ങലുകൾ ഉണ്ട്. ആയതിന്റെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം ആവശ്യപ്പെട്ടതിന് സ്റ്റോക്കിന്റെ വരവും ആയതിന്റെ വിതരണവും രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ILGMS-ൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 19/22-23, 17.10.2023 ന്റെ മറുപടി).

## 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalents" പ്രകാരമുള്ള 14163850/- തുകയും "Net Cash Generated By Operating + Investing + Financing Activities (A+B+C)" പ്രകാരമുള്ള 6280341/- തുകയും പൊരുത്തപ്പെടുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സിസ്റ്റം ജനറേറ്റഡ് ആണെന്നും ILGMS - ലെ സാങ്കേതിക അപാകങ്ങളാണ് ഇത്തരത്തിൽ വ്യത്യാസം വരാൻ കാരണമെന്നും വിശദീകരിച്ചിട്ടുണ്ട്. ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് 19/22-23, 17.10.2023 ന്റെ മറുപടി)

## 1-1-5 പണമാക്കാത്ത ചെക്കുകൾ - തുക ക്രഡിറ്റ് ചെയ്യതിന്റെ വിശദാംശം ലഭ്യമാക്കിയില്ല

SBI (36488304542) അക്കൌണ്ടിന്റെ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Cheques Issued But Not Presented Into Bank എന്ന ഹെഡ്ഡിൽ 975,879.00 രൂപയുണ്ട്. ആയതിൽ മൂന്ന് മാസ കാലാവധി കഴിഞ്ഞ ചെക്ക് തുകകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റുന്നതിനും വരുമാന ശീർഷകത്തിലേക്ക് മാറ്റേണ്ട കാലയളവ് കഴിഞ്ഞതുണ്ടെങ്കിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത ചെക്കുകൾ നടപ്പ സാമ്പത്തിക വർഷത്തിൽ പണമാക്കുകയോ വാലിഡേറ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 19/22-23, 17.10.2023 ന്റെ മറുപടിയിൽ പ്രസ്തുത തുകയിൽ ഭൂരിഭാഗവും 2023-24 വർഷം ക്രഡിറ്റ് ചെയ്തിട്ടുണ്ടെന്നറിയിച്ചു. എന്നാൽ 2023 ഏപ്രിൽ മുതൽ പ്രസ്തുത അക്കൌണ്ടിൽ റിക്കൺസിലിയേഷൻ ചെയ്തിട്ടില്ലാത്തതിനാൽ തുകകൾ ക്രഡിറ്റ് ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

## 1-1-6 Cheque Deposited But Not Cleared - നടപടി അനിവാര്യം

| ബാങ്ക്, അക്കൌണ്ട് നമ്പർ | ഇനം | തുക |
|---|---|---|
| SBI (36488304542) | Cheque Deposited But Not Cleared | 24,380/- |
| SBI (37267823686) | Cheque Deposited But Not Cleared | 12,610 /- |

2020, 2021 വർഷത്തിലേതുൾപ്പെടുന്ന പ്രസ്തുത ചെക്കുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ പണമാക്കുകയോ വാലിഡേറ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 19/22-23, 17.10.2023 ന്റെ മറുപടിയിൽ പ്രസ്തുത തുകകൾ 2023-24 വർഷം ക്രഡിറ്റ് ചെയ്തിട്ടുണ്ടെന്നറിയിച്ചു. എന്നാൽ 2023 ഏപ്രിൽ മുതൽ പ്രസ്തുത അക്കൌണ്ടുകളിൽ റിക്കൺസിലിയേഷൻ ചെയ്തിട്ടില്ലാത്തതിനാൽ തുകകൾ ക്രഡിറ്റ് ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. പ്രസ്തുത തുകകളിൽ ക്രഡിറ്റ് ആകാത്തതിനാൽ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-7 Advance To Implementing Officers - വാർഷിക ധനകാര്യ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷം നൽകിയ തുക | ആകെ | ചെലവഴിച്ച തുക | 2022-23 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Advance To Implementing Officers | 26728 | 3193473 | 3220201 | 2681442 | 389085 (538759 Actual) |

ഓഡിറ്റ് എൻക്വയറി നമ്പർ 19/22-23, 17.10.2023 ന്റെ മറുപടിയിൽ മേൽ വിഷയം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കിയിട്ടില്ല. 149674/- രൂപയുടെ വ്യത്യാസം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-1-8 ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം ചെലവ് വരവിനേക്കാൾ അധികമായിരിക്കുന്നു

വാർഷിക ധനകാര്യപത്രികയിലെ Income &Expenditure ഷെഡ്യൂൾ പ്രകാരം വരവ് തുക 174661409/- രൂപയും, ചെലവ് തുക 174866533/- രൂപയുമാണ്. ഡിപ്രിസിയേഷൻ ഉൾപ്പെടുന്നതിനാലാണ് ഇത്തരത്തിൽ വരവിനേക്കാൾ ചെലവ് കൂടിയിരിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് 19/22-23, 17.10.2023 ന്റെ മറുപടി).

## 1-1-9 പഞ്ചായത്തിന്റെ ദുരിതാശ്വാസനിധി യുടെ നീക്കിയിരിപ്പിൽ വ്യത്യാസം

പഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയുടെ B-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 317250/-രൂപയും B-17, RP-40(b) ഷെഡ്യൂളുകൾ എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് 303045/- രൂപയുമാണ്. പ്രസ്തുത വ്യത്യാസത്തിന്റെ കാരണം വിശദമാക്കി, പ്രസ്തുത അപാകം ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-10 ആസ്തികൾ സൃഷ്ടിക്കുന്നതിനായി നൽകിയ പാർട്ട് ബില്ലുകൾക്ക് തുല്യമായ തുക Capital Work In Progress ആയി ഉൾപ്പെടുത്തിയില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-11 (B) ഷെഡ്യൂൾ പ്രകാരം Capital Work In Progress ഇനത്തിൽ രേഖപ്പെടുത്തൽ ഇല്ല. Part Bill സംബന്ധിച്ച് എ ഇ യുടെ റിപ്പോർട്ട് പ്രകാരം 500726/-രൂപയുടെ പ്രവൃത്തിയാണ് തൻവർഷം Capital Work In Progress ഇനത്തിൽ ഉള്ളത്. പാർട്ട് ബില്ലായി നൽകിയ തുക B-11 (B) ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 28/22-23 18.10.2023 ക്ക് പ്രസ്തുത തുകകൾ ആസ്തിയിൽ ഉൾപ്പെടുത്തിയതിനാലാണ് Capital Work In Progress ഇനത്തിൽ പ്രതിഫലിക്കാത്തത് എന്ന് മറുപടി നൽകി. എന്നാൽ പൂർത്തിയാകാത്ത പ്രവൃത്തി ആസ്തിയിൽ ഉൾപ്പെടുത്തുന്നത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-1-11 2022-23 വർഷം ആരംഭിച്ച വിവിധ അക്കൗണ്ടുകളുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിലെ RP 40 (B) ഷെഡ്യൂളിൽ ചുവടെ ചേർക്കുന്ന അക്കൌണ്ടുകൾ ഉൾപ്പെട്ടതായി കാണുന്നില്ല. വിശദാംശം ചുവടെ,

1) MGNREGS A/c SBI 41690139213

2) Canara Bank Health A/c 110042519817

സീറോ ബാലൻസ് ആയതിനാലാണ് RP 40 (B) ഷെഡ്യൂളിൽ ഉൾപ്പെടുത്താതിരുന്നതെന്നറിയിച്ചു. (ഓഡിറ്റ് എൻക്വയറി

28/22-23, 18.10.2023). എല്ലാ അക്കൗണ്ടുകളും സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി അപാകത പരിഹരിക്കേണ്ടതാണ്.

### 1-1-12 നിക്ഷേപ പ്രവൃത്തിയ്ക്കായി കെ.സ്.ഇ.ബി യ്ക്ക് അനുവദിച്ച തുക – സുലേഖ ചെലവ് പത്രികയും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

2021-22 B-18 ഷെഡ്യൂൾ പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നൽകിയതിൽ അവശേഷിക്കുന്ന തുകയായ 832958/- രൂപയാണ് 2022-23 വർഷവും B-18 ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്നത്. RP 49 (R), (P) എന്നിവ പ്രകാരം വരവും ചെലവും ഇല്ല. എന്നാൽ സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ തൻവർഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നിക്ഷേപ പ്രവൃത്തിക്കായി പ്രോജക്ട് നമ്പർ 3/23, 199500/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഡെപ്പോസിറ്റ് ഹെഡിൽ ഉൾപ്പെടുത്താത്തതിനാലാണ് B-18 ഷെഡ്യൂളിൽ വരാത്തത് എന്ന് അറിയിച്ചു. (ഓഡിറ്റ് എൻക്വയറി 28/22-23, 18.10.2023)

### 1-1-13 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി 2023 മാർച്ചിലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ പ്രൊവിഷൻ രേഖപ്പെടുത്താത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (28/22-23, 18.10.2023)ക്ക് പ്രസ്തുത തുകകൾ മുൻകൂട്ടി നിശ്ചയിക്കാത്തതിനാലാണ് പ്രൊവിഷൻ നൽകാത്തത് എന്നറിയിച്ചു. മറുപടി അംഗീകരിക്കാവുന്നതല്ല.

### 1-1-14 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

വാർഷിക കണക്ക് റസീപ്റ്റ് ആന്റ് പെയ്മെന്റ് പത്രിക RP-35 ഷെഡ്യൂൾ പ്രകാരം Govt And Other Dues Payable – Value Added Tax എന്ന ഇനത്തിൽ 2550/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ILGMS ൽ ബന്ധപ്പെട്ട ലെഡ്ജർ (3500300103) പരിശോധിക്കുമ്പോൾ ഈ ഇനത്തിൽ Forest Development Tax എന്നാണ് കാണുന്നത്. Value Added Tax നിലവിലില്ലാത്ത സാഹചര്യത്തിൽ Forest Development Tax ഇനത്തിൽ ലഭിച്ച തുകയ്ക്ക് പ്രത്യേക ഹെഡില്ലാത്തതിനാലാണ് VAT ഹെഡിൽ ചേർത്തതെന്നറിയിച്ചു. തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 28/22-23,18.10.2023)

### 1-1-15 " Liability In Respect Of Stale Cheque" ഹെഡിലെ തുക വരുമാനമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല

ബി-9 ഷെഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിൽ 31674/-രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകയിൽ കാലാവധി കഴിഞ്ഞ തുകകൾ വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (19/17.10.2023) ന് മറുപടി നൽകി. ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-1-16 കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബാങ്ക് അക്കൗണ്ട് തുകയുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി - 4 ഷെഡ്യൂൾ പ്രകാരം CFC Basic Tax Grant – ന്റെ നീക്കിയിരിപ്പ് 1083353/- രൂപയും CFC Tied Fund – ന്റെ നീക്കിയിരിപ്പ് 2257768/- രൂപയുമാണ് (ആകെ - 3341121/- രൂപ). CFC ഗ്രാന്റിനായുള്ള കാനറാ ബാങ്ക് അക്കൗണ്ടിലെ (110001576435) നീക്കിയിരിപ്പ് 3339457/- രൂപയാണ്. വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 19/22-23, 17.10.2023 ന്റെ മറുപടിയിൽ വ്യത്യാസത്തിന് കാരണം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച പദ്ധതികളിലെ ഐടി, ജി.എസ്.ടി. മുതലായവ പ്രത്യേകമായി അടവാക്കിയതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-1-17 പ്രത്യേക ഗ്രാന്റ് തുകകളുടെ നീക്കിയിരിപ്പിൽ വ്യത്യാസം

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകകളുടെ 31/3/23 ലെ നീക്കിയിരിപ്പും അവയുടെ ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

| ക്രമ നമ്പർ | ശീർഷകം | ഇനം | ബി -4 പ്രകാരം | ബി -17 /ബാങ്ക് റിക്കൺസിലിയേഷൻ എന്നിവ പ്രകാരം |
|---|---|---|---|---|
| 1. | 320100198 | Grant From Suchitwa Mission | 501939 | 0 (IDBI Bank) |

IDBI ബാങ്കിലെ അക്കൌണ്ട് ശുചിത്വമിഷന വേണ്ടി തുടങ്ങിയ പുതിയ അക്കൌണ്ടായതിനാലാണ് നീക്കിയിരിപ്പിൽ വ്യത്യാസം വന്നതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (19/17.10.2023)ന് മറുപടി നൽകി. പ്രസ്തുത അപാകം ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-18 സംയുക്ത പ്രോജക്റ്റിനായി ലഭിച്ച തുക - നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

(A) A.F.S. പ്രകാരം സംയുക്ത പ്രോജക്റ്റിനായി ലഭിച്ച തുകയിൽ ചുവടെ ചേർത്തിരിക്കുന്ന നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. കൂടാതെ Joint Venture Revenue Expenditure Block Panchayath ഇനത്തിൽ RP (30) Receipts പ്രകാരം വരവ് 13,00,000/- രൂപയാണ്. പ്രസ്തുത ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ റവന്യൂ ചെലവ് 289,000/- രൂപയാണ്.

| ഹെഡ് കോഡ് | ഇനം | മുന്നിരിപ്പ് | യഥാർത്ഥ വരവ് (I-6) & RP 30 പ്രകാരം | ചെലവ് (ചെലവ് പത്രിക പ്രകാരം) | നീക്കി യിരിപ്പ് വരേണ്ടത് | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾ പ്രകാരം ) | വ്യത്യാസം |
|---|---|---|---|---|---|---|---|
| 320700204 | Joint Venture -Revenue Expenditure -Block Panchayath | 1110474 | 1994881 | 1173881 | 1931474 | 2121474 | 190000/- |

പ്രോജക്ട് നം.247/23 പ്രകാരം ബ്ലോക്ക് വിഹിതം 190000/-രൂപ സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

(B) മെഡിക്കൽ ഓഫീസർ, പി എച്ച് സി നിർവ്വഹണം നടത്തിയ അതിദരിദ്രർക്കുള്ള മരുന്നും ചികിത്സയും (247/23 നമ്പർ) എന്ന പദ്ധതിക്ക് 190000/- രൂപ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതമാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശം, ആയത് ചെലവ് ചെയ്തതിന്റെ വിശദാംശം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (28/22-23, 18.10.2023) ക്ക് പ്രസ്തുത പദ്ധതിക്ക് 2022-23 വർഷം തുക നൽകിയിട്ടില്ല എന്നും ഹെൽത്ത് ഗ്രാന്റ് സംബന്ധിച്ച തുകയാണ് എന്ന ധാരണയിൽ ചെലവ് വരുത്തിയതിനാലാണ് സുലേഖ പത്രികയിൽ ചെലവ് വരാനിടയായതെന്നും അറിയിച്ചു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-19 വാർഷിക ധനകാര്യ പത്രിക പരിശോധന - മറ്റപാകങ്ങൾ

1) 2021-22 B-7 ഷെഡ്യൂളിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ 2022-23 വർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 340100201 | Contractor’s Security Deposit | 7500 |
| 340100301 | Contractor’s Retention | 20690 |
| 340100303 | Election Deposit | 28000 |
| 340100401 | Road Cutting - Deposit | 50821 |
| 340109901 | Other Deposits | 200000 |
| 340200102 | Auction Deposit | 2000 |

| | | |
|---|---|---|
| 340800101 | Deposit Received From Others | 12000 |
| 340200106 | Deposit Received From Halls And Auditoriums | 500 |
| 340200101 | Deposit Received From Staff | 1000 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്ന് വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച് വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (28/22-23, 18.10.2023) ക്ക് മറുപടി നൽകി. ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ഐ.കെ.എം. വിഹിതം നൽകൽ (പ്രോജക്ട് നമ്പർ 71/22-23 ) എന്ന പ്രോജക്ടിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 138052/- രൂപയുടെ ചെലവുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം പ്രസ്തുത പദ്ധതിക്ക് 132122/- രൂപയാണ് ചെലവായി രേഖപ്പെടുത്തി യിട്ടുള്ളത്. കൂടാതെ ചങ്ങാതി ഡോക്യു ഡ്രാമ കുട്ടികളുടെ തിയേറ്റർ (പ്രോജക്ട് നമ്പർ 133/22-23) എന്ന പ്രോജക്ടിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 175000/- രൂപയുടെ ചെലവുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം പ്രസ്തുത പദ്ധതിക്ക് 140375/-രൂപയാണ് ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. ഈ രണ്ട് പദ്ധതികളിലും ഓരോ ബില്ലുകൾ 31.03.2023 ന ശേഷമാണ് മാറിയിട്ടുള്ളതെന്നും ആയതിനാലാണ് സുലേഖ ചെലവ് പത്രികയിൽ ചെലവ് വരാത്തതെന്നും അറിയിച്ചു. (ഓഡിറ്റ് എൻക്വയറി 28/22-23, 18.10.2023)

3) 2021-22 B-18 ഷെഡ്യൂളിൽ ഉൾപ്പെട്ട നീക്കിയിരിപ്പായ മുൻകൂറുകൾ 2022-23 വർഷവും നീക്കിയിരിപ്പായി അവശേഷിക്കുന്നു. പ്രസ്തുത മുൻകൂറുകൾ ക്രമീകരിക്കാനാവശ്യമായ നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്. വിശദാംശം ചുവടെ.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | 2021-22, 2022-23 എന്നീ വർഷങ്ങളിലെ B-18 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 460500201 | Deposit With Kerala Water Authority | 67,69,032 |
| 460500202 | Deposit With Kerala State Electricity Board | 8,32,958 |
| 460500204 | Deposit With Ground Water Board | 3,54,900 |

കേരള വാട്ടർ അതോറിറ്റി, കെ എസ് ഇബി, ഗ്രൌണ്ട് വാട്ടർ ബോർഡ് എന്നിവിടങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മുൻകൂറുകൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് (ഓഡിറ്റ് എൻക്വയറി 19/22-23, 17.10.2023) അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ്/റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 26.03.2022 | 28.03.2023 |
| ഭരണസമിതി തീരുമാനം | 1/1 | 1/1 |
| മുന്നിരിപ്പ് | 2940212 | 3665340 |
| പ്രതീക്ഷിത വരവ് | 293636000 | 347246063 |
| പ്രതീക്ഷിത ചെലവ് | 294581200 | 347578848 |
| നീക്കിയിരിപ്പ് | 1995012 | 3332555 |

## 1-2-1 ബജറ്റ് - അപാകങ്ങൾ

1. ജി.ഒ(ആർ.റ്റി) നം.3291/16/എൽ.എസ്.ജി.ഡി. തീയതി 02.12.2016 ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

പ്രസ്തുത രേഖകൾ ഉൾപ്പെട്ട ബജറ്റുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിനായി ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നം - 14/2022-23, 13.10.2023 മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തുടർ വർഷങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള രേഖകൾ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

2) 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2022-23 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയതിനു മറുപടി നൽകുകയോ ആവശ്യമായ ഫയൽ പരിശോധനയക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം നടത്തിയിട്ടില്ല. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ അവലോകനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

3. പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം(214(5)). അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ടുവെങ്കിലും

പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. 2022-23ലെ പുതുക്കിയ ബജറ്റും (2023-24 വർഷത്തെ ബജറ്റിന്റെ ഭാഗമായി തയ്യാറാക്കിയ) വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ

I) വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതലായോ കുറവായോ ഉൾപ്പെടുത്തിയിരി ക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 32,00,000 | 25,69,956 |
| 2 | 1102001 | തൊഴിൽ നികുതി | 11,00,000 | 8,39,230 |
| 3 | 1303001 | വാടക | 15000 | 5,000 |

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 16429936.30 |
| ഓഡിറ്റ് വർഷത്തെ വരവ് | 55276952.00 |
| ആകെ | 71706888.30 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41113102.00 |
| നീക്കിയിരിപ്പ് | 30593786.30 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 174661409/- രൂപയും ചെലവ് 174866533/- രൂപയുമാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14115503 | 14115503 | 17995136 | -3879633 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5757381 | 5757381 | 6608436 | -851055 |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 94333 | 94333 | 99278 | -4945 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 7209959 | 7209959 | 7273682 | -63723 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 3618845 | 3618845 | 2064990 | 1553855 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 11488000 | 11488000 | 10000189 | 1487811 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6388000 | 6388000 | 6382000 | 6000 |
| CSS | 0 | 0 | 0 | 1387336 | -1387336 |
| SSS | 0 | 0 | 0 | 348779 | -348779 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ടുകളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം | എ.സി.ആർ പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരം (I 6+ Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 17995136 | 13762706 | 17995136 |
| വികസന ഫണ്ട് (എസ്. സി. പി) | 6608436 | 5253817 | 6608436 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 99278 | 84611 | 99278 |
| വികസന ഫണ്ട് സി എഫ് സി അൺറ്റൈഡ് (ബേസിക് ഗ്രാന്റ്) | 2064990 | 2407018 | 2945193 |
| വികസന ഫണ്ട് സി എഫ് സി റ്റൈഡ് (പെർഫോമൻസ് ഗ്രാന്റ്) | 7273682 | 7273682 | 6973683 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 6388000 | 6388000 | 6382000 |

വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/2022-23, 17.10.2023) മറുപടി ലഭ്യമാക്കിയില്ല. ഗ്രാന്റ് തുകകളിൽ ഇത്തരത്തിൽ വ്യത്യാസം വരാനിടയായ സാഹചര്യം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ ( മറ്റുള്ളവ ഒഴികെ) | ചെലവ് ( മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 6546300 | 3890601 | 59 |
| | പട്ടിക ജാതി | 223800 | 139200 | 62 |
| സേവനം | പൊതുവിഭാഗം | 63650334 | 29718035 | 47 |
| | പട്ടിക ജാതി | 25728105 | 9465607 | 36.8 |
| | പട്ടിക വർഗം | 214667 | 149389 | 69.6 |
| പശ്ചാത്തലം | പൊതുവിഭാഗം | 19973000 | 14001293 | 70 |
| | പട്ടിക ജാതി | 2441600 | 737826 | 30 |

ഇത്തരത്തിൽ ചെലവ് കുറയാനിടയായ സാഹചര്യം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/2022-23, 17.10.2023) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ വകയിരുത്തലിനാനുപാതികമായി ചെലവ് ചെയ്യുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

3) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 മേൽ ഉത്തരവ് ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാഘടക പദ്ധതിക്ക് വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക വകയിരുത്തിയിട്ടില്ല, കൂടാതെ വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ഇത്തരത്തിൽ നിയമാനുസൃതം വകയിരുത്തേണ്ട തുക വകയിരുത്താത്തതിന് കാരണം, വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം എന്നിവ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 23/2022-23, 17.10.2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി അനിവാര്യ പദ്ധതികൾക്ക് തുക വകയിരുത്തേണ്ടതും ആയത് പൂർണ്ണമായും ചെലവഴിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ബന്ധപ്പെട്ട അധികാരികളുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

| വിഭാഗം | വകയിരുത്തേണ്ട കുറഞ്ഞ തുക | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം(%) |
|---|---|---|---|---|
| വനിതാ ഘടക പദ്ധതി | 2298580 | 2137700 | 1109414 | 52 |

4. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/contributions നീക്കിയിരിപ്പുൾപ്പെടെയുള്ള തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320100197 | Literacy Scheme Grant | 35939.55 |
| 320200399 | Grants, Funds & Contributions For Specific Purposes - Other Than Devlpt Fund And State Sponsored Scheme Funds-Other Purposes | 25000 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) -From District Panchayath | 59622 |
| 320800101 | Beneficiary Contributions | 13280 |
| 320900101 | Donations To CMDRF | 16000 |
| 320900102 | Donations Related To Pandemic/epidemic Control | 267161 |

പ്രസ്തുത ഗ്രാന്റുകൾ ചെലവഴിക്കുന്നതിനായി തൻ വർഷം പദ്ധതികൾ ഇല്ലാതിരുന്നതിനാലാണ് പ്രസ്തുത തുക ചെലവഴിക്കാത്തതെന്നും 2023-24 വർഷത്തിൽ തുകകൾ ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. (ഓഡിറ്റ് എൻക്വയറി 19/22-23, 17.10.2023). ഗ്രാന്റ് തുകകൾ ചെലവഴിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

6. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 13280/- രൂപ ഗ്രാമപഞ്ചായത്ത്


അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുകയിൽ 3280/- രൂപ കൃഷി ഓഫീസറുടെ പദ്ധതിക്കായി പിരിച്ചെടുത്തതാണെന്നും 10000/-രൂപ ഹെഡ് മാറി പോസ്റ്റ് ചെയ്തതാണെന്നും ആയത് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ( ഓഡിറ്റ് എൻക്വയറി 19/22-23, 17.10.2023). ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം


ഫണ്ട് വിനിയോഗം

(എ) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| 1 | 2 | 3 | 4 |
|---|---|---|---|
| ഫണ്ടിനം | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | ക്യാരി ഓവറായി ലഭിച്ചത് കുറച്ച് നീക്കിയിരിപ്പ്/ ലാപ്സ് തുക |
| വികസനഫണ്ട് സാധാരണ വിഹിതം | 19706000 | 17995136 | 1710864 |
| പട്ടിക ജാതി ഉപപദ്ധതി | 7112000 | 6608436 | 503564 |
| പട്ടിക വർഗ്ഗ ഉപപദ്ധതി | 109000 | 99278 | 9722 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 6388000 | 6382000 | 6000 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 11488000 | 10000189 | 1487811 |
| ആകെ | 44803000 | 41085039 | 3717961 |




ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.




(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 1 | 2796700 | 1330850 | 47.6 |
| വെറ്ററിനറി സർജൻ | 10 | 10 | - | 2574400 | 1806515 | 70.2 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 13 | 11 | 2 | 4174009 | 3771199 | 90.3 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | - | 800000 | 800000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ2) | 7 | 2 | 5 | 1608000 | 395000 | 24.6 |
| ഐസിഡിഎസ് സൂപ്പർവൈസർ | 15 | 14 | 1 | 5242470 | 4519058 | 86.2 |
| സെക്രട്ടറി | 49 | 35 | 14 | 19123087 | 13000087 | 68 |

| | | | | | | |
|---|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ, ഗവ. എൽ പി എസ് | 5 | 5 | - | 1450035 | 1449100 | 99.9 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (സർക്കിൾ1) | 10 | 10 | - | 47124458 | 6450790 | 13.7 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 76 | 58 | 18 | 29812496 | 21258237 | 71.3 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | - | 800000 | 697642 | 87.2 |
| അസിസ്റ്റന്റ് സെക്രട്ടറി | 18 | 16 | 2 | 3272151 | 2623473 | 80.2 |

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 22433748 | 17995136 | 80.2 |
| എസ്.സി.പി. | 7789310 | 6608436 | 84.8 |
| ടി.എസ്.പി. | 116334 | 99278 | 85.3 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 14701774 | 9338672 | 63.5 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1860870 | 1387336 | 74.5 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 22850000 | 348779 | 1.5 |
| തനത് ഫണ്ട് | 3946257 | 781448 | 19.8 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 9961130 | 1173881 | 11.8 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 13842553 | 3643861 | 26.3 |
| മെയിന്റനൻസ് നോൺ റോഡ് | 7637383 | 6382000 | 83.6 |
| മെയിന്റനൻസ് റോഡ് | 13292000 | 10000189 | 75.2 |
| മറ്റുള്ളവ | 53193542 | 2889980 | 5.4 |
| ഹെൽത്ത് ഗ്രാന്റ് | 346447 | 342935 | 98.9 |
| ആകെ | 171971348 | 60991931 | 35.5 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 218 | 175 | 43 | 118777806 | 58101951 | 48.9 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1പ്രകാരം ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 28.12.2021 ലെ 2(6)-ാം നമ്പർ തീരുമാനപ്രകാരം ഉൾപ്പെടുത്തി പുനഃ സംഘടിപ്പിച്ചു.

പുനഃസംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റേയും ഘടകസ്ഥാപനങ്ങളുടേയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിച്ചതായി അറിയിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ ആയത് പ്രസിദ്ധീകരിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 5 /2022-23, 10.10.2023 ന്റെ മറുപടി)

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം 13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 28.12.2021 തീയതിയിലെ പഞ്ചായത്ത് കമ്മറ്റിയുടെ 2(7) നം തീരുമാന പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുന.സംഘടിപ്പിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. പദ്ധതി രൂപീകരണത്തിനു ശേഷം നിർവ്വഹണ ഘട്ടത്തിൽ ഓരോ വർക്കിംഗ് ഗ്രൂപ്പുകളും മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട് എന്നറിയിച്ചുവെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സിൽ ഇപ്രകാരം മോണിറ്ററിംഗ് നടന്നതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | മറുപടി |
|---|---|---|---|---|
| 1 | കൃഷി | 17.05.2022 | 1. വാഴ/ കിഴങ്ങ് എന്നിവയുടെ മൂല്യവർദ്ധിത ഉത്പാദന യൂണിറ്റ് ആരംഭിക്കുക<br>2. ബയോഗ്യാസ് യൂണിറ്റുകൾക്ക് സബ്സിഡി അനുവദിക്കുക | മരച്ചീനിയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റ് കുടുംബശ്രീ മുഖേന ആരംഭിച്ചു. |
| 2 | വനിതാവികസനം | 16.05.2022 | 1. വനിതകൾക്ക് തയ്യൽ പരിശീലനം<br>2. വനിതകൾക്ക് യോഗ ക്ലാസ്സ്<br>3.കുടുംബശ്രീ വഴി മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം | 2023-24 വർഷം പ്രോജക്ട് ഉൾപ്പെടുത്തി യിട്ടുണ്ട്. |
| 3 | മൃഗസംരക്ഷണവും ക്ഷീരവികസനവും | 16.05.2022 | 1. വ്യാവസായിക അടിസ്ഥാനത്തിലുള്ളഡെയറി ഫാം യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി<br>2. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ തരിശ് ഭൂമികൾ കുടുംബശ്രീ യൂണിറ്റുകൾക്ക് | ഫണ്ടിന്റെ അപര്യാപ്തത മൂലം പദ്ധതികൾ ഏറ്റെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | കൈമാറി തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുക | |

അവലംബം : ഓഡിറ്റ് എൻക്വയറി നമ്പർ 5 /2022-23, 10.10.2023 ന്റെ മറുപടി

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | മറുപടി |
|---|---|---|---|---|
| 1 | സാമൂഹ്യനീതി | ഗുരുതരം | 1.ബി ആർസി/ ബഡ്സ് സ്കൂൾകുട്ടികളുടെ പ്രശ്നങ്ങൾ 2. ഭിന്നശേഷിക്കാരുടെ പുനരധിവാസ പ്രവർത്തനങ്ങൾ | ബഡ്സ് സ്കൂൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| 2 | വനിതാ വികസനം | ഗുരുതരം | സ്ത്രീ സുരക്ഷ | വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നു. |
| 3 | പട്ടിക ജാതി വികസനം | ഗുരുതരം | യുവാക്കളിലെ തൊഴിലില്ലായ്മ | - |
| 4 | കുടിവെള്ളം, ശുചിത്വം | ഗുരുതരം | പൊതുജന പിന്തുണയുള്ളതും ശാശ്വതമായതുമായ മാലിന്യ നിർമ്മാർജ്ജന സംവിധാനം ഒരുക്കൽ | - |
| 5 | ദാരിദ്ര്യ ലഘൂകരണം | അതി ഗുരുതരം | പരിസര ശുചിത്വം | - |

അവലംബം : ഓഡിറ്റ് എൻക്വയറി നമ്പർ 5 /2022-23, 10.10.2023 ന്റെ മറുപടി

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സിന്റെ (വാർഡ് 5,7,9) പരിശോധനയിൽ, പ്രസ്തുത വ്യവസ്ഥ/ നിബന്ധനകൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല..

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ, ഇപ്രകാരം ഗ്രാമസഭയിൽ കണക്കുകൾ അവതരിപ്പിച്ചിട്ടില്ല.

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്തത വരുത്താവുന്നതാണ്. വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് കുടുംബശ്രീ യൂണിറ്റുകൾക്ക് വായ്പാ ബന്ധിതമായി ഫുഡ് പ്രോസസിംഗ് യൂണിറ്റ് എന്ന പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറി (നമ്പർ 5/2022-23, 10.10.2023)ക്ക് മറുപടി ലഭിച്ചു. എന്നാൽ അത്തരം പ്രോജക്ട് തൻവർഷം ഏറ്റെടുത്തിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകൾക്ക് 90 ദിവസത്തെ ലേബർ കംപോണന്റ് ഉൾപ്പെടുത്തി സഹായം നൽകുന്നതായി ഓഡിറ്റ് എൻക്വയറി (നമ്പർ 5 /2022-23, 10.10.2023) ക്ക് മറുപടിയിൽ

അറിയിച്ചു.

കുടുംബശ്രീ

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് കുടുംബശ്രീ യൂണിറ്റുകൾക്ക് സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ ഫുഡ് പ്രോസസിംഗ് യൂണിറ്റ് എന്ന പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളായ ഡിജി പുല്ലമ്പാറ -ഡിജിറ്റൽ സാക്ഷരതാ പദ്ധതി, ചങ്ങാതി സഞ്ചരിക്കുന്ന ലൈബ്രറി, ചങ്ങാതി ഡോക്യുഡ്രാമ എന്നിവ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കിയിട്ടുള്ളതാണ്.

CSRഫണ്ട്

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാക്കി ഡ്രീം (ഡെവലപ്പ്മെന്റ് ഓഫ് റൂറൽ എംപ്ലോയ്മെന്റ് ആന്റ് മെന്ററിംഗ് ) എന്ന പദ്ധതി ഏറ്റെടുത്തതായി അറിയിച്ചിട്ടുണ്ട്.

ആസ്തി രജിസ്റ്റർ

മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ ആർ ട്രാക്ക് സംവിധാനം ഉപയോഗിച്ച് കാലികമാക്കിയിട്ടുള്ളതായും റോഡിതര ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കിയിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പദ്ധതി വിഹിതത്തിലൂടെ ഗ്രാമപഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർത്തികരിക്കുന്നതിനായി ലഭ്യമാകുന്ന തുക പാഴാക്കാതെ ചെലവഴിക്കുന്നതിനും കൂടുതൽ തുക ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ, മാർഗരേഖ എന്നിവയിലെ നിർദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികളുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 39,18,200 | 321 |
| വിധവാപെൻഷൻ | 1,39,12,800 | 1302 |
| വാർദ്ധക്യകാല പെൻഷൻ | 2,62,39,400 | 2423 |
| വികലാംഗ പെൻഷൻ | 34,19,000 | 309 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 2,75,200 | 26 |

പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ നിന്നും ക്ഷേമപെൻഷൻ കൈപ്പറ്റിയിരുന്ന മൂന്ന് ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 11/2022-23, 12/10/2023) യുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് മരണശേഷം അധികമായി നൽകിയ തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൌണ്ടിലേക്ക് തിരിച്ചടച്ച് വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. കൂടാതെ നിലവിൽ മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന സമയത്ത് തന്നെ ആധാർ ഉപയോഗിച്ച് പരിശോധിച്ച് മരണപ്പെട്ട വ്യക്തി പെൻഷൻ കൈപ്പറ്റുന്നുണ്ടെങ്കിൽ പെൻഷൻ റദ്ദ് ചെയ്തതിനു ശേഷമാണ് മരണം രജിസ്റ്റർ ചെയ്യുന്നതെന്നും അറിയിച്ചു. ഇത്തരം നടപടിക്രമങ്ങൾ തുടർന്നും പാലിക്കേണ്ടതാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2023 തീയതിയിൽ 3.26 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20392/- (ഇരുപതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിലൂടെ താഴെ പറയുന്ന വിഷയങ്ങളിലെ അപാകം പരിഹരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

1.വസ്തു നികുതി നിർണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അനധികൃത നിർമാണങ്ങളുടെ വസ്തു നികുതി ഒടുക്കാത്ത കെട്ടിടങ്ങൾ സഞ്ചയയിലുള്ളതായി കണ്ടെത്തിയിട്ടുണ്ട്. തനത് വരുമാനം പൂർണമായി പിരിച്ചെടുത്ത് വരുമാന വർദ്ധനവുണ്ടാക്കുന്ന നടപടികളുണ്ടാകണം. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി എന്നിവയുടെ പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

2.പഞ്ചായത്ത് പരിധിയിൽ റേഷൻകടകൾ, വ്യാപാര സ്ഥാപനങ്ങൾ, എന്നിവ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച് വരുന്നു.

3. ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതികളുടെ ഫയലുകൾ/രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു, ചില പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് അർഹമായതിനെക്കാൾ ആനുകൂല്യം നൽകി സർക്കാർ ഫണ്ടിന് നഷ്ടം വരുത്തിയതായി കാണുന്നു.

4. എസ്റ്റിമേറ്റില്ലാതെയും കരാറിലേർപ്പെടാതെയും ഡെപ്പോസിറ്റ് പ്രവർത്തിക്ക് തുക നൽകിയിട്ടുണ്ട്.

5. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും ആനുകൂല്യം നൽകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ്(RP-30) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 34382 | 1195899 | 1230281 | 1230281 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 58344000 | 58344000 | 58344000 | - |
| ആകെ | 34382 | 59539899 | 59574281 | 59574281 | 0 |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.05.2022 മുതൽ 28.05.2022 വരെ | 01.08.2021 മുതൽ 31.03.2022 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.11.18 മുതൽ 21.11.2018 വരെ | 2013-14മുതൽ 2017-18വരെ | 22.12.2018 |

## 1-11 തനത് വരുമാന ശേഖരണം - അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് സ്വീകരിച്ച നടപടി വിശദാംശങ്ങൾ രജിസ്റ്ററുകളുടെയും രേഖകളുടേയും അടിസ്ഥാനത്തിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന്(ഓഡിറ്റ് എൻക്വയറി 1/2022-23, 09.10.2023 ) സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലെ അവലോകനം ചുവടെ ചേർക്കുന്നു.

**A തനത് വരുമാനം.**

1) സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പുതിയ തനതുവരുമാന സ്രോതസ്സുകളൊന്നും കണ്ടെത്തിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

2) തനതുവരുമാനങ്ങൾ പിരിച്ചെടുക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി സ്വീകരിച്ച നടപടിയായി അറിയിച്ചിരിക്കുന്നത് 100% കെട്ടിട നികുതി ലൈസൻസ് ഫീ എന്നിവ പിരിച്ചെടുത്തിട്ടുണ്ട് എന്നാണ്.

3) 1-4-2023-ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

4)എല്ലാ മാസവും നികുതി, നികുതിയേതര വരുവുകളുടെ ഡിമാൻഡ്, പിരിവ് പുരോഗതി, തനത് വരവ് രജിസ്റ്ററുകൾ എന്നിവ ധനകാര്യസ്റ്റാൻഡിംഗ്കമ്മിറ്റി പരിശോധന നടത്തിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.

**B. വസ്തുനികുതി.(വാസ/വാസേതര കെട്ടിട നികുതികൾ ഉൾപ്പടെ)**

ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ്, ILGMS വരവ്, സഞ്ചയ പ്രകാരമുള്ള വരവ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ലെന്നും ബജറ്റ് വരും വർഷത്തേക്കുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്ക് മാത്രമാണെന്നും 1-4-2023-ലെ പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ നടപ്പിലാക്കിയിട്ടുണ്ടെന്നും 1-4-2022-ലെ ആകെ കെട്ടിട നികുതി ഡിമാൻഡ് പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിന് ആകുന്നതിന് മുമ്പ് 26,23,493/- രൂപയാണെന്നും പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിൽ ആയപ്പോഴുള്ള ഡിമാൻഡ് തുക 3029843/- രൂപ ആണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് 22.06.2023 ലെ 3(1) നം തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ച് ഡാറ്റാ ലോക്ക് ചെയ്യുതായും തദ്ദേശസ്ഥാപനം മേഖലാ വിഭജനം നടത്തി കരട് വിജ്ഞാപനം 22.06.2023 ലെ 3(1) നം പ്രകാരം ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റോഡ് സഞ്ചയയിൽ എൻട്രി വരുത്തിയിട്ടുണ്ടെന്നും തദ്ദേശസ്ഥാപനത്തിന്റെ അനുമതിയില്ലാതെയും, അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന നികുതി ചോർച്ച കണ്ടെത്തുന്നതിനായി ഫീൽഡ് തല അന്വേഷണത്തിനുള്ള നടപടികൾ സംബന്ധിച്ച അന്വേഷണത്തിന് വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡ് തല വിവരശേഖരണം നടത്തുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ വാണിജ്യാവശ്യകെട്ടിടങ്ങൾക്കും വിജ്ഞാപനപ്രകാരമുള്ള നികുതി ചുമത്തിയിട്ടുണ്ടെന്നും അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ യഥാവിധി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടെന്നും അപ്രകാരമുള്ള കെട്ടിടങ്ങളിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കുന്നുണ്ടെന്നും മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശികയില്ലായെന്നും തദ്ദേശ സ്ഥാപനം നൽകുന്ന സേവനങ്ങൾക്ക് നികുതി കുടിശ്ശികയില്ലായെന്നും നികുതിയിളവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെന്നും തദ്ദേശസ്ഥാപന പരിധിയിൽ സർക്കാർ/കേന്ദ്ര സർക്കാർ സ്ഥാപനങ്ങളില്ലായെന്നും ILGMS-ൽ ക്യാൻസൽ ചെയ്ത എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്യതായി ഉറപ്പുവരുത്തുന്നുണ്ടെന്നും എല്ലാ മാനുവൽ രസീതുകളും സഞ്ചയയിൽ രേഖപ്പെടുത്തിയത് സെക്രട്ടറി ഉറപ്പുവരുത്തുന്നുണ്ടെന്നും തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും ഓരോ വർഷവും സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**C. സേവന ഉപനികുതി**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി, വസ്തുനികുതി ഒഴിവാക്കിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സേവനനികുതി എന്നിവ ഈടാക്കിയിട്ടില്ലായെന്നും നിലവിൽ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളില്ലെന്നും പുതിയ സേവനനികുതി മാർഗ്ഗങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

**D. തൊഴിൽ നികുതി**

തദ്ദേശസ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ,അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങളുടെയും രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, (സ്ഥാപന തൊഴിൽ നികുതി ഉൾപ്പടെ) ഡിമാൻഡ് ചെയ്തുകൊണ്ടുള്ള ഡിമാൻഡ് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും തൻവർഷം തൊഴിൽ നികുതിയിൽ കുടിശ്ശിക ഇല്ലായെന്നും സ്വകാര്യ സ്ഥാപനങ്ങൾ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ പ്രൊഫഷണലുകൾ, കരാറുകാർ, ഹെവി വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ എന്ന അന്വേഷണത്തിന് സൂക്ഷിച്ചിട്ടുണ്ടെന്നും തൊഴിൽ നികുതി പത്രികയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടെന്നും വ്യാപാര സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി പിരിവിന് സ്ഥാപനം ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ടെന്ന് സ്ഥാപനത്തിൽ സൂക്ഷിക്കുന്ന തൊഴിൽ നികുതി രേഖകളിൽ നിന്ന് വ്യക്തമാണ്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലേയും തൊഴിൽ നികുതി ഡിമാൻഡ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെന്നും വാർഡ് തല ട്രയിഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**E. വിനോദ നികുതി**

തദ്ദേശ സ്ഥാപന പരിധിയിൽ സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്നില്ലായെന്നും അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ് /സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ, ടി.വി നെറ്റ് വർക്ക്, ഹൌസ് ബോട്ടുകൾ, പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ ശുപാർശ ചെയ്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

**F. നികുതിയേതര വരവുകൾ**

ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെന്നും കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ എന്നിവ കൃത്യസമയത്ത് ലേലം ചെയ്ത് നൽകി മുഴുവൻ തുകയും വരവായി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

## 1-12 വസ്തു നികുതി അപാകങ്ങൾ

2022-23 സാമ്പത്തിക വർഷത്തെ ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച് ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് സ്ഥാപനം (ഓഡിറ്റ് എൻക്വയറി നം.44/2022-23, 18.10.2023) മറുപടി ലഭ്യമാക്കി.

**1. ഒറ്റത്തവണ കെട്ടിട നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

സ.ഉ(എം.എസ്) നം.231/15/ത.സ്വ.ഭ.വ തീയതി 9.7.2015-ാം നമ്പർ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതി അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്. ചുവടെ ചേർക്കുന്ന ഫയലുകളിൽ മേൽ ഉത്തരവ് പാലിച്ചതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയിൽ നികുതി ഒടുക്കിയ രസീത് അപേക്ഷയിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്നും ടി കെട്ടിടങ്ങളെ സംബന്ധിച്ച് വിവരം പുല്ലമ്പാറ വില്ലേജ് കാര്യാലയത്തിൽ അറിയിപ്പ് നൽകിയിട്ടുള്ളതും പ്രസ്തുത കെട്ടിട ഉടമകളിൽ നിന്ന് ഒറ്റത്തവണ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും ആണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഒറ്റത്തവണ കെട്ടിട നികുതി അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയില്ല.

| ക്രമ നം | ഫയൽ നം | കെട്ടിട നം/ വില്ലേജ് | ഉടമയുടെ പേര് | നികുതി പ്രാബല്യ തീയതി | ഉപയോഗക്രമം | പ്ലിന്ത് ഏര്യ |
|---|---|---|---|---|---|---|
| 1 | A2/1911/22 20.08.2022 | 12/166A പുല്ലമ്പാറ | Saboora Beevi | 2022 Ist | പാർപ്പിടാവശ്യം | 123.25$M^2$ |
| 2 | A2/1674/22 | 12/166A പുല്ലമ്പാറ | സുകുമാരി എസ് | 2022 Ist | " | 152.54$m^2$ |
| 3 | A2/1338/22 07.07.22 | XIII/263 | Ebijith JC | 2022 Ist | " | 156.8$m^2$ |

മേൽ പരാമർശിത കെട്ടിടങ്ങളുടെ ഒറ്റത്തവണ കെട്ടിട നികുതി അടച്ചതിന്റെയോ റിട്ടേൺ ഫയൽ ചെയ്തതിന്റെയോ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**2. അനധികൃത നിർമാണങ്ങളുടെ വസ്തു നികുതി ഒടുക്കിയില്ല.**

സഞ്ചയ പരിശോധിക്കുമ്പോൾ ചുവടെ പറയുന്ന അനധികൃത നിർമാണങ്ങളുടെ നികുതി " കളക്ഷൻ വിവരങ്ങൾ ലഭ്യമല്ല" എന്നാണ് കാണിക്കുന്നത്. ഈ വിഷയം സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ ടി കെട്ടിടങ്ങൾ 2022-23 സാമ്പത്തിക വർഷം അസസ് ചെയ്തിട്ടുള്ളവയാണെന്നും നികുതി ഒടുക്കാത്തതിനാലാണ് കളക്ഷൻ വിവരങ്ങൾ ലഭ്യമല്ല എന്ന് കാണിക്കുന്നതെന്നും നികുതി ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | കെട്ടിടത്തിന്റെ തരം | വാർഷിക നികുതി |
|---|---|---|---|
| 1 | 10/177/A | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 3219 |

| | | | |
|---|---|---|---|
| 2 | 3/428/B | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 29768 |

മേൽ പരാമർശിത അനധികൃത നിർമാണങ്ങളുടെ വസ്തു നികുതി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം 2/ 2022-23, തീയതി 10.10.2023) മറുപടി ലഭ്യമാക്കിയില്ല.

**1.റേഷൻ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കുന്നില്ല**

സിവിൽ സപ്ളൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ നെടുമങ്ങാട് താലൂക്ക് സപ്ലൈ ഓഫീസറിൽ നിന്ന് പഞ്ചായത്ത് സെക്രട്ടറിക്ക് ലഭിച്ച മറുപടി ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.(27.09.2023 ലെ TSONDD/376/2023-B4 നം കത്ത്). പ്രസ്തുത മറുപടിയിൽ റേഷൻ ഡിപ്പോ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്ന വിഷയം നിലവിൽ കോടതിയുടെ പരിഗണനയിലാണെന്നും റേഷൻ ഡിപ്പോ വ്യാപാരികൾക്ക് മാസ വേതനം നൽകുന്നില്ലായെന്നും വിറ്റുവരവിനെ അടിസ്ഥാനമാക്കിയുള്ള കമ്മീഷൻ നൽകി വരുന്നതിനാൽ ന്യായവില ഷോപ്പ് ലൈസൻസികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി നൽകുന്നതിന് നിർവാഹമില്ലായെന്നും താലൂക്ക് സപ്ലൈ ഓഫീസർ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

മേൽ വിഷയത്തിൽ കോടതി വിധിക്കു വിധേയമായി തുടർ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**2.ഗ്രാമപഞ്ചായത്ത് പരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ, കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തു പരിധിയിലെ ഡോക്ടർമാർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ, 2022-23 വർഷം കരാർ ജോലികൾ നിർവ്വഹിച്ച കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**3. സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | സ്ഥാപനം | സ്ഥാപന തൊഴിൽ നികുതി |
|---|---|---|
| 1 | പുല്ലമ്പാറ ക്ഷീരോല്പാദക സഹകരണ സംഘം | II അർദ്ധവർഷം |
| 2 | തെള്ളിക്കച്ചാൽ ക്ഷീരോല്പാദക സഹകരണ സംഘം | I , II അർദ്ധവർഷം |
| 3 | വെഞ്ഞാറമൂട് കോ-ഓപറേറ്റീവ് റബ്ബർ മാർക്കറ്റിങ് സൊസൈറ്റി | I , II അർദ്ധവർഷം |
| 4 | SBI തേമ്പാമൂട് | I , II അർദ്ധവർഷം |
| 5 | ഇൻസ്റ്റാ കാർട്ട് സർവീസെസ് | I , II അർദ്ധവർഷം |

| | | |
|---|---|---|
| 6 | ഒ.പി. ക്ലിനിക് (ഡോ. സതീഷ്കുമാർ.സി) | I , II അർദ്ധവർഷം |
| 7 | പ്രൊവിഷൻ സ്റ്റോർ<br>ശ്രീ.ജെ. കൃഷ്ണൻ കുട്ടി നായർ<br>Tc 6/516 | I , II അർദ്ധവർഷം |
| 8 | സം സം ഫ്യുവൽസ്<br>TC 11/526A | I , II അർദ്ധവർഷം |
| 9 | ചങ്കൻ ട്രേഡേഴ്സ്<br>വളം വിൽപന<br>ശ്രീ മുജീബ് ഖാൻ. എ<br>12/154 G | I , II അർദ്ധവർഷം |

മേൽ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**4. അർദ്ധ വാർഷിക വരുമാന പത്രികയിൽ വരുമാന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.**

ഹോമിയോ AYUSH NHM PHC ൽ നിന്നുള്ള അർദ്ധ വാർഷിക വരുമാന പത്രികയിൽ അറ്റൻഡർ, പി. റ്റി. എസ് എന്നിവരുടെ അർദ്ധ വാർഷിക വരുമാനം നൽകിയിട്ടില്ല. വരുമാന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാതെ തൊഴിൽ നികുതി നിർണയിച്ചത് എപ്രകാരമാണെന്നത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

അപാകത സംബന്ധിച്ച വിശദീകരണം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**5.അക്ഷയ സെന്ററുകളിൽ നിന്നും തൊഴിൽ നികുതി-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

പഞ്ചായത്ത് പരിധിയിൽ എത്ര അക്ഷയ സെന്ററുകൾ പ്രവർത്തിക്കുന്നുവെന്നും ഇവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ ആയതിനായ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14 വാണിജ്യ വ്യവസായ ലൈസൻസ് അപാകതകൾ

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ സംബന്ധിച്ച് അന്വേഷണ കുറിപ്പ് നൽകുകയും( ഓഡിറ്റ് എൻക്വയറി നം.4/2022-23, 10.10.2023) ആയതിന് മറുപടി ലഭ്യമാക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു**

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നോ, ഗ്രാമ പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻകടകൾ ഉണ്ട്, പ്രസ്തുത റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിശദാംശം എന്നിവ സംബന്ധിച്ച് അന്വേഷണ കുറിപ്പ് നൽകി. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 15 റേഷൻ കടകൾ പ്രവർത്തിക്കുന്നുവെന്നും പ്രസ്തുത കടകൾ ഒന്നും തന്നെ പഞ്ചായത്ത് ലൈസൻസോടു കൂടി പ്രവർത്തിക്കുന്നവയല്ലായെന്നും ലൈസൻസ് നേടുന്നതിന് റേഷൻ കട ലൈസൻസികൾക്കും താലൂക്ക് സപ്ലൈ ഓഫീസർക്കും അറിയിപ്പുകൾ നൽകിയെന്നും അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**2. അനധികൃത ഇറച്ചി വ്യാപാരം വിവരശേഖരണം പൂർത്തിയാക്കിയില്ല.**

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ല് വച്ച് മറച്ചതും ഈച്ച പ്രാണികൾ

കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009 , സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ ആകെ ഇറച്ചിക്കടകളുടെ വിശദാംശം അവയ്ക്ക് ലൈസൻസ് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസോട് കൂടി നാല് കോഴി ഇറച്ചി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അനധികൃതമായി പ്രവർത്തിക്കുന്നവ കണ്ടെത്തുന്നതിന് വാർഡ് ക്ലർക്കുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മുഴുവൻ വാർഡുകളിൽ നിന്നുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ലെന്നും വിവരശേഖരണം പൂർത്തിയാക്കി അനധികൃത ഇറച്ചി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നെങ്കിൽ ആയവ അടച്ച് പൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

**3.വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണത്തിനാനുപാതികമല്ല ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം**

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 1260 വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങൾ ഉണ്ട് . കെട്ടിടങ്ങളുടെ എണ്ണത്തിനാനുപാതികമല്ല ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം. ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 214 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ വിഷയത്തിന് ലഭ്യമാക്കിയ മറുപടിയിൽ വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ എല്ലാം വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്നും ഒരേ സ്ഥാപനം ഒന്നിൽ കൂടുതൽ കടമുറികളിൽ പ്രവർത്തിച്ച് വരുകയും ചെയ്യുന്നെന്നും വാർഡു ക്ലർക്കുമാർ ഫീൽഡ് വെരിഫിക്കേഷൻ നടത്തി തയ്യാറാക്കി നൽകിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം എല്ലാവർക്കും ലൈസൻസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

1260 വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങളുണ്ടെന്നിരിക്കെ 214 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതെന്നതിനാൽ ഗ്രാമപഞ്ചായത്തിലുള്ള എല്ലാ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിച്ച് ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പു വരുത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-15 നീനു ക്രഷർ ഇൻഡസ്ട്രി എന്ന സ്ഥാപനം സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയില്ല

2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ ശ്രീ. എ.മുഹമ്മദ് ബഷീർ ന്റെ ഉടമസ്ഥതയിലുള്ള നീനു ക്രഷർ ഇൻഡസ്ട്രി എന്ന ക്വാറി പ്രവർത്തിക്കുന്നുണ്ട്. 2013-ലെ കമ്പനീസ് ആക്ട് (അമെൻഡ്മെന്റ്), സെക്ഷൻ 135 വ്യവസ്ഥകൾ പ്രകാരം പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. കൂടാതെ പാരിസ്ഥിതികാനുമതി ഉത്തരവിലെ(DIA/KL /MIN/15846/2018 Dated 16.11.2018) വ്യവസ്ഥകൾ പ്രകാരം സ്ഥാപനം പൊട്ടിക്കുന്ന ഓരോ ടൺ കല്ലിനും പത്ത് രൂപാ നിരക്കിൽ സി.എസ്.ആർ ഇനത്തിൽ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ ചെലവഴിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ക്വാറി സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് ( ഓഡിറ്റ് എൻക്വയറി നം 12/ 2022-23, തീയതി 13.10.2023) ന് സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കി. 29.04.2023ലെ 4000222/FMAKO5/GPO/2023/1699 നം കത്ത് പ്രകാരം സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തണമെന്ന് ആവശ്യപ്പെട്ട് ഗ്രാമ പഞ്ചായത്ത് ക്വാറി ഉടമയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.

സി.എസ്.ആർ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുന്നതിനായി പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ച് വിവരം

അറിയിക്കേണ്ടതാണ്.

### 1-16 ഒ.പി. ക്ലിനിക് എന്ന സ്ഥാപനം പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയില്ല.

1997 കേരള പഞ്ചായത്ത് രാജ് ആക്ട് സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെ സ്ഥാപനം പ്രവർത്തിക്കുന്നത് കുറ്റകരമാണ്. എന്നാൽ ഡോ. സതീഷ്കുമാർ.സി യുടെ ഉടമസ്ഥതയിലുള്ള ഒ.പി. ക്ലിനിക് എന്ന സ്ഥാപനം പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്താതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടു. സ്ഥാപനം രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന്(ഓഡിറ്റ് എൻക്വയറി നം 3/ 2022-23, 10.10.2023) ലഭ്യമാക്കിയ മറുപടിയിൽ 2019-20 വരെ സ്ഥാപനം രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെന്നും കൊറോണ വ്യാപന സമയത്ത് തുറന്ന് പ്രവർത്തിച്ചില്ലെന്നും ആയതിനുശേഷം സ്ഥാപനം അറ്റകുറ്റ ജോലികൾക്കായി അടച്ചിടുകയും 2023 -24 സാമ്പത്തിക വർഷം സെപ്റ്റംബർ മാസത്തിൽ ജോലികൾ പൂർത്തീകരിച്ച് പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാൽ രജിസ്ട്രേഷൻ പുതുക്കി ലൈസൻസ് നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഒടുക്കിയതിന്റെ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള രേഖകളിൽ ഒ.പി. ക്ലിനിക് എന്ന സ്ഥാപനത്തിന്റെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റും ഉൾപ്പെട്ടിട്ടുണ്ട്.

ജോലികൾ പൂർത്തീകരിച്ച് പ്രവർത്തനം പുനരാരംഭിച്ച തീയതിയും രജിസ്ട്രേഷൻ പുതുക്കി ലൈസൻസ് നൽകുന്നതിനു സ്വീകരിച്ച തുടർ നടപടി വിശദാംശങ്ങളും ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

### 1-17 ജ്വാല- സ്ത്രീകളുടെ സമഗ്ര വികസനവും സുരക്ഷയും- ചെലവ് രേഖകളും നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല- 165000 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S095/23 |
| പ്രോജക്ടിന്റെ പേര് | ജ്വാല- സ്ത്രീകളുടെ സമഗ്ര വികസനവും സുരക്ഷയും |
| അടങ്കൽ | 229000 വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | 165000 |
| ബിൽ നമ്പർ | 69/ 23-08-202-60000<br>89/ 17-09-2022-15000<br>116/ 10-10-2022- 15000<br>143/ 09-11-2022- 15000<br>174/ 30-11-2022- 15000<br>223/ 31-12-2022- 15000<br>264/ 01-02-2023- 15000<br>435/ 28-03-2023-15000 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം 165000 രൂപയുടെ ചെലവ് ഉണ്ടായിട്ടുണ്ടെങ്കിലും ബില്ലുകൾ പ്രകാരമുള്ള ചെലവ് വൗച്ചറുകളോ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നതിനായി അന്വേഷണ കുറിപ്പ് നൽകിയെങ്കിലും( ഓഡിറ്റ് എൻക്വയറി നം 34/2022-23, തീയതി 19.10.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 165000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-18 സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം - പദ്ധതി നിർവഹണത്തിൽ അപാകം അധികമായി നല്കിയ 61875/- രൂപയും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതെ

നല്കിയ 726000/- രൂപയും തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 83/23 |
| പ്രോജക്ടിന്റെ പേര് | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം |
| അടങ്കൽ | 527250- വികസനഫണ്ട്<br>263625-ബ്ലോക്ക് പഞ്ചായത്ത്<br>263625-ജില്ലാ പഞ്ചായത്ത് |
| ചെലവ് | 527250 വികസനഫണ്ട്<br>263625-ബ്ലോക്ക് പഞ്ചായത്ത്<br>238500-ജില്ലാ പഞ്ചായത്ത് |
| ബിൽ നമ്പർ | 86/ 13-09-2022-200000<br>123/ 18-10-2022- 140000<br>164/ 25-11-2022-10000<br>22020352014000822955/26-11-2022- 263625<br>22202035201400102500З/10.01.2023- 238500<br>219/ 31-12-2022- 106375<br>220/ 31-12-2022- 70875 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2022-23 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം എന്ന പദ്ധതിയുടെ പരിശോധനയിൽ ഗുണഭോക്താക്കൾക്ക് 61875/- രൂപ അധികം അനുവദിച്ചിട്ടുള്ളതായും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതായും ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷ പ്രകാരമുള്ള അക്കൗണ്ടിലേക്കല്ല തുക അനുവദിച്ചതെന്നും കണ്ടു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം36 /2022-23, തീയതി 19.10.2023) നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**I)സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം - 61875/- രൂപ അധികം അനുവദിച്ചു.**

സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം എന്ന പദ്ധതി പ്രകാരം സ്കോളർഷിപ്പ് പ്രതിമാസം 1000/- രൂപ, വസ്ത്രങ്ങൾക്കുള്ള ബത്ത വാർഷികം 1500/- രൂപ, പഠനസഹായി/ വിദ്യഭ്യാസ സാമഗ്രികൾ വാർഷിക ബത്ത 2000 രൂപ, ഡേ സ്കോളർക്ക് യാത്രാ ബത്ത പ്രതിമാസം 1000/- രൂപ എന്നിങ്ങനെ ഒരാൾക്ക് ആകെ 27500 രൂപ അനുവദിക്കാവുന്നതാണ്. കൂടാതെ വൗച്ചർ ഹാജരാക്കിയാൽ ഉല്ലാസ യാത്രയ്ക്ക് 1000/- രൂപയും അനുവദിക്കാവുന്നതാണ്. എന്നാൽ പദ്ധതിയുടെ പരിശോധനയിൽ ഉല്ലാസ യാത്രയ്ക്കുള്ള വൗച്ചർ ഹാജരാക്കാതെയും, അനുവദിക്കാവുന്ന പരിധിയിൽ കൂടുതലായും ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | വ്യത്യാസം |
|---|---|---|---|---|
| 1 | സജിത എ | 30500 | 27500 | 3000 |
| 2 | ശ്രീഹരി എ.എസ് | 30500 | 27500 | 3000 |
| 3 | നേഹ എൻ.എൻ | 30500 | 27500 | 3000 |
| 4 | മുഹമ്മദ് സഫാൻ എസ് | 30500 | 27500 | 3000 |
| 5 | അജ്മൽ എസ്.ജെ | 30500 | 27500 | 3000 |
| 6 | മുഹമ്മദ് നഹിയാൻ | 30500 | 27500 | 3000 |
| 7 | മുഹമ്മദ് സ്വാലിഹ് | 30500 | 27500 | 3000 |

| | | | | |
|---|---|---|---|---|
| 8 | അമൃത അജയൻ | 30500 | 27500 | 3000 |
| 9 | അഫ്ലാൻ ആർ | 30500 | 27500 | 3000 |
| 10 | മേഘ സജി | 30500 | 27500 | 3000 |
| 11 | അജ്മൽ എം | 30500 | 27500 | 3000 |
| 12 | മുഹമ്മദ് റാഷിദ് | 30500 | 27500 | 3000 |
| 13 | ഗീത ജി/ സോന ജി | 30500 | 27500 | 3000 |
| 14 | ദേശകൻ എസ് ദ്രാവിഡ് | 29375 | 27500 | 1875 |
| 15 | ഗയ എം.എസ് | 30500 | 27500 | 3000 |
| 16 | ഗൗരി കൃഷ്ണ | 30500 | 27500 | 3000 |
| 17 | യദുകൃഷ്ണൻ കെ.ജി | 30500 | 27500 | 3000 |
| 18 | അദ്രിജ. എ.എസ് | 30500 | 27500 | 3000 |
| 19 | അസർബിൻ അബ്ദുൾ ഖാദർ | 30500 | 27500 | 3000 |
| 20 | അവനിക ആർ.ആർ | 30500 | 27500 | 3000 |
| 21 | വിഷ്ണു വിജയൻ വി.പി | 30500 | 27500 | 3000 |
| | | | | 61875 |

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം.36/18.10.2023) നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല.

മേൽ സാഹചര്യത്തിൽ അധികമായി അനുവദിച്ച 61875/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി-726000 രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പരിശോധനയിൽ നിർവഹണോദ്യോസ്ഥ പരിശോധനക്കായ് ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടില്ല എന്ന് കണ്ടു. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ലിസ്റ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ട് അന്വേഷണകുറിപ്പ് (നം.36/18.10.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾക്കായി അനുവദിച്ച തുകയായ 774000/- രൂപയിൽ ക്രമ നം 1 പരാമർശത്തിലെ പട്ടിക പ്രകാരം തടസ്സപ്പെടുത്തിയ തുകയായ 48000/- രൂപ കുറച്ച് 726000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ജിൻസി ബി | 26000 |
| 2 | സജിത എ | 30500 |
| 3 | ശ്രീഹരി എ.എസ് | 30500 |
| 4 | പാർത്ഥിവ് നായർ | 26000 |
| 5 | നേഹ എൻ.എൻ | 30500 |
| 6 | അനൂപ് ഒ.എസ് | 26000 |
| 7 | അജ്മൽ എസ്.ജെ | 30500 |
| 8 | മുഹമ്മദ് നഹിയാൻ | 30500 |
| 9 | അക്ഷയ് ബി | 26000 |
| 10 | മുഹമ്മദ് സർഹാൻ | 26000 |
| 11 | അമൃത വിജയൻ | 30500 |
| 12 | അജ്മൽ എം | 30500 |
| 13 | മുഹമ്മദ് റാഷിദ് | 30500 |

| | | |
|---|---|---|
| 14 | ഗീത ജി/ സോന ജി | 30500 |
| 15 | സൗരവ് എസ് പിള്ള | 26000 |
| 16 | വിസ്മയ എസ്.നായർ | 26000 |
| 17 | ഗയ എം.എസ് | 30500 |
| 18 | അഭിനന്ദ് ബി | 26000 |
| 19 | അബ്യറസീൻ എസ് ആർ | 26000 |
| 20 | ഗൗരി കൃഷ്ണ | 30500 |
| 21 | നന്ദുദേവൻ എം | 26000 |
| 22 | യദുകൃഷ്ണൻ കെ.ജി | 30500 |
| 23 | അദ്രിജ. എ.എസ് | 30500 |
| 24 | അസർബിൻ അബ്ദുൾ ഖാദർ | 30500 |
| 25 | അവനിക ആർ.ആർ | 30500 |
| 26 | വിഷ്ണു വിജയൻ വി.പി | 30500 |
| 27 | ശിവപ്രിയ ജി.ആർ | 26000 |
| | ആകെ | 774000/- |

പട്ടികയിലെ ഗുണഭോക്താക്കൾ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3) അപേക്ഷ പ്രകാരമുള്ള അക്കൗണ്ടിലേക്കല്ല തുക അനുവദിച്ചത്.**

അഭിനന്ദ് ബി യുടെ അപേക്ഷ പ്രകാരം അക്കൗണ്ട് നം 32245992351 ആണ് . എന്നാൽ തുക അനുവദിച്ചത് 67318591508 എന്ന അക്കൗണ്ടിലേക്കാണ് . ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണോ ആനുകൂല്യം ലഭിച്ചതെന്ന് പരിശോധിക്കുവാൻ കഴിഞ്ഞില്ല.

ഇപ്രകാരം തുക അനുവദിക്കാനുണ്ടായ കാരണം/അക്കൗണ്ട് വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് പദ്ധതി- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി- 80400/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 84/23 |
| പ്രോജക്ടിന്റെ പേര് | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 99601- വികസനഫണ്ട്<br>30000-ബ്ലോക്ക് പഞ്ചായത്ത് |
| ചെലവ് | 99400- വികസനഫണ്ട് |
| ബിൽ നമ്പർ | 133/ 26-10-2022- 43600<br>321/ 02-03-2023- 55800 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2022-23 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ പരിശോധനയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതായും ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷ പ്രകാരമുള്ള അക്കൗണ്ടിലേക്കല്ല തുക അനുവദിച്ചതെന്നും കണ്ടു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ( ഓഡിറ്റ് എൻക്വയറി നം 38/2022-23, തീയതി 19.10.2023) നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1)ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി**

പദ്ധതി ഫയലിനോടൊപ്പം നിർവഹണോദ്യോഗസ്ഥ പരിശോധനക്കായ് ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടില്ല എന്ന് കണ്ടു. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ലിസ്റ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ട് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾക്കായി അനുവദിച്ച തുകയായ 80400/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പേര് | അനുവദിച്ച തുക |
|---|---|---|
| 1 | വിനയൻ എസ് | 7200 |
| 2 | ആകാശ് ആർ | 7200 |
| 3 | അബുഷാൻ | 7200 |
| 4 | മുഹമ്മദ് ഇർഷാദ് | 6000 |
| 5 | നിദ ഫാത്തിമ | 4800 |
| 6 | ജിയ രാജേഷ് | 6000 |
| 7 | അനശ്രീ ബി.എം | 7200 |
| 8 | ശ്രീ ജീവൻ എസ്.എസ് | 7200 |
| 9 | ആസിഫ് മുഹമ്മദ് | 6000 |
| 10 | ജ്യോൽസ്നാ ജോയ് | 4800 |
| 11 | സരിൻ | 4800 |
| 12 | സാരംഗ് എസ് | 4800 |
| 13 | ഷഹാന എഫ് | 7200 |
| | ആകെ | 80400 |

പട്ടികയിലെ ഗുണഭോക്താക്കൾ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**2) അപേക്ഷ പ്രകാരമുള്ള അക്കൗണ്ടിലേക്കല്ല തുക അനുവദിച്ചത്.**

ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷ പ്രകാരമുള്ള ബാങ്ക് അക്കൗണ്ടിലേക്കല്ല ധനസഹായം അനുവദിച്ചത്. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കാത്തതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ ആനുകൂല്യം ലഭിച്ചതെന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

| ക്രമ നം | പേര് | അപേക്ഷപ്രകാരമുള്ള അക്കൗണ്ട് നം | ധനസഹായം അനുവദിച്ച അക്കൗണ്ട് |
|---|---|---|---|
| 1 | അബുഷാൻ | 35099498535 | 67368158393 |

| | | | |
|---|---|---|---|
| 2 | സാരംഗ് എസ് | 14220100187481 | 67263951618 |
| 3 | ദേവാനന്ദ് ആർആർ | 322801000007581 | 67160347634 |
| 4 | സരിൻ | 38737341125 | 67122858690 |

ഇപ്രകാരം തുക അനുവദിക്കാനുണ്ടായ കാരണം/ അക്കൗണ്ട് വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 ഭിന്നശേഷിക്കാരുടെ കലാ കായിക മത്സരങ്ങൾ-31000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | SO96/23 | SOO 57/23 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാരുടെ കലാ കായിക മത്സരങ്ങൾ | ഭിന്നശേഷിക്കാരുടെ കലാ കായിക മത്സരങ്ങൾ |
| അടങ്കൽ | 75000 പൊതു വിഭാഗം | 20000- തനത് ഫണ്ട് |
| ചെലവ് | 50000 | 20000 |
| ബിൽ നമ്പർ | 163/ 25-11-2022-35000<br>237/ 10-01-2023-15000 | 22200470/30.09.2022-13000<br>22200425/06.09.2022-4000<br>22200557/22.10.22-3000 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

**A) SO96/23- ഭിന്നശേഷിക്കാരുടെ കലാ കായിക മത്സരങ്ങൾ ചെലവ് രേഖ ഹാജരാക്കിയില്ല.**

ഭിന്നശേഷിക്കാരുടെ കലാ കായിക മത്സരങ്ങൾ എന്ന പദ്ധതിക്കായി 75000/- രൂപ വകയിരുത്തുകയും 50000/- രൂപ വികസന ഫണ്ടിൽ നിന്ന് ചെലവാക്കുകയും ചെയ്തു. പദ്ധതിയുടെ പരിശോധനയിൽ Bill No.237/ 10-01-2023 പ്രകാരമുള്ള ചെലവ് രേഖകളോ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് രേഖകൾ ഹാജരാക്കുന്നതിനായി അന്വേഷണ കുറിപ്പ് നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നം 35/2022-23, തീയതി 19.10.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി Bill No.237/ 10-01-2023 പ്രകാരം ചെലവഴിച്ച 15000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**B) SOO 57/23 ഭിന്നശേഷിക്കാരുടെ കലാ കായിക മത്സരങ്ങൾ (സ്പിൽ ഓവർ)- അപാകങ്ങൾ**

ഭിന്നശേഷിക്കാരുടെ കലാ കായിക മത്സരങ്ങൾ (സ്പിൽ ഓവർ) എന്ന പദ്ധതിക്കായി തനത് ഫണ്ടിൽ നിന്ന് 20000/- രൂപ വകയിരുത്തുകയും 20000/- രൂപ ചെലവാക്കുകയും ചെയ്തു. പദ്ധതിയുടെ പരിശോധനയിൽ 25.08.2022 ലെ 13000/- രൂപയുടെ ബില്ലിനോടൊപ്പം ഹാജരാക്കിയത് 17.11.2022 ലെ ചെലവ് വൗച്ചറും, 08.08.2022 ലെ 3000/- രൂപയുടെ ബില്ലിനോടൊപ്പം ഹാജരാക്കിയത് 21.11.2022 ലെ ചെലവ് വൗച്ചറും ആണെന്ന് കണ്ടു. കൂടാതെ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം 35/2022-23, തീയതി 19.10.2023). ഈ സാഹചര്യത്തിൽ മേൽ പരാമർശിത ബില്ലുകൾ പ്രകാരം ചെലവഴിച്ച 16000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഉപോൽബലകമായ രേഖകൾ/ മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 സായന്തനം വയോജനങ്ങൾക്കുള്ള സമഗ്ര പ്രാഥമിക പരിരക്ഷാ പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കിയില്ല 9180/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | SOO 94/23 |
| പ്രോജക്ടിന്റെ പേര് | സായന്തനം വയോജനങ്ങൾക്കുള്ള സമഗ്ര പ്രാഥമിക പരിരക്ഷാ പദ്ധതി |

| | |
|---|---|
| അടങ്കൽ | 50000- വികസനഫണ്ട് |
| ചെലവ് | 17110- വികസനഫണ്ട് |
| ബിൽ നമ്പർ | 31/ 11-07-2022- 7930<br>32/ 11-07-2022- 9180 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

Bill No.32/11-07-2022- പ്രകാരമുള്ള 9180/- രൂപയുടെ ചെലവ് രേഖകളും നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ ആവശ്യപ്പെട്ട് അന്വേഷണകുറിപ്പ് നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നം 39/2022-23, തീയതി 19.10.2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആവശ്യമായ രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 9180/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് രേഖകളും നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 പാഥേയം പദ്ധതി വിനിയോഗ വിവരം ലഭ്യമാക്കിയില്ല 334080 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | SO 92/23 | SO93/23 |
| പ്രോജക്ടിന്റെ പേര് | പാഥേയം (ജനറൽ) | പാഥേയം (SC) |
| അടങ്കൽ | 264960(വികസനഫണ്ട്) | 69120(വികസനഫണ്ട്SCP) |
| ചെലവ് | 264960 | 69120 |
| ബിൽ നമ്പർ | 402/25.03.2023-264960 | 315/01.03.2023-69120 |
| നിർവ്വഹണം | അസ്സിസ്റ്റന്റ് സെക്രട്ടറി | അസ്സിസ്റ്റന്റ് സെക്രട്ടറി |

പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിലെ ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട അഗതികളായ ഗുണഭോക്താക്കൾക്ക് ഒരു വർഷത്തിലെ 365 ദിവസവും ഉച്ചഭക്ഷണം നൽകുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോട് കൂടി നടപ്പാക്കുന്ന പദ്ധതിയാണ് പാഥേയം. ഗ്രാമ പഞ്ചായത്ത് വകയിരുത്തിയിരിക്കുന്ന തുക ജില്ലാ പഞ്ചായത്തിന് കൈമാറുന്നു. നടപ്പു സാമ്പത്തിക വർഷം പാഥേയം (ജനറൽ), പാഥേയം (SC) എന്നിങ്ങനെ രണ്ടു പദ്ധതികളാണ് നടപ്പിലാക്കിയത്. SO 92/23 പാഥേയം (ജനറൽ) എന്ന പ്രോജക്ടു പ്രകാരം ഗ്രാമ പഞ്ചായത്തിലെ 46 ഗുണഭോക്താക്കൾക്കു വേണ്ടിയും SO93/23 പാഥേയം (SC) പ്രോജക്ടു പ്രകാരം 12 ഗുണഭോക്താക്കൾക്കു വേണ്ടിയുമാണ് തുക വകയിരുത്തിയത്. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

SO 92/23 , SO93/23 എന്നീ പദ്ധതികൾക്കായി തുക ചെലവഴിച്ചതിന്റെ ധന വിനിയോഗ സാക്ഷ്യപത്രം കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്ററുടെ 24.06.2023 ലെ 442/E1/2017/KSTVM നം കത്ത് (ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി പുല്ലമ്പാറ കുടുംബശ്രീ സി.ഡി.എസ് ന് നൽകിയത്) പ്രകാരം യഥാക്രമം 264960, 69120/- രൂപ പുല്ലമ്പാറ കുടുംബശ്രീ സി.ഡി.എസ്. ന് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പുല്ലമ്പാറ കുടുംബശ്രീ സി.ഡി.എസ് ൽ നിന്നും ഹാജരാക്കിയ ബാങ്ക് പാസ്ബുക്കു പ്രകാരം കുടുംബശ്രീയുടെ Own Fund അക്കൗണ്ടായ 322801000003801 എന്ന അക്കൗണ്ടിൽ തന്നെ മേൽ തുകകൾ ഓഡിറ്റ് തീയതിയിലും നിലനിർത്തിയിരിക്കുകയാണ്. പാഥേയം അക്കൗണ്ടായ 322801000005431 അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്യുകയോ മേൽ തുകകളിൽ നിന്നും ഗുണഭോക്താക്കൾക്ക് ഉച്ചഭക്ഷണം വാങ്ങി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് കൈമാറുന്ന തുക ഗുണഭോക്താക്കൾക്കായി വിനിയോഗിക്കുന്നു എന്ന് എപ്രകാരം ഉറപ്പാക്കുന്നു , 2022-23 സാമ്പത്തിക വർഷത്തെ മേൽ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭ്യമായതിന്റെ വിശദാംശങ്ങൾ, പദ്ധതി തുക ഗുണഭോക്താക്കൾക്കായി വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യ പത്രം എന്നിവ സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് ( ഓഡിറ്റ് എൻക്വയറി നം17/2022-23, തീയതി 17.10.2023) സ്ഥാപനം ലഭ്യമാക്കിയ മറുപടിയിൽ കുടുംബശ്രീയുടെ Own Fund അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിരുന്ന 334080/- രൂപ 18.10.2023 ൽ പാഥേയം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്, കൂടാതെ പഞ്ചായത്ത് കൈമാറുന്ന തുക വിനിയോഗിച്ച് ഗുണഭോക്താക്കൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം കൈമാറിയ തുക ഓഡിറ്റ് തീയതിയിലും വിനിയോഗിച്ചിട്ടില്ലാത്തതിനാൽ പദ്ധതിക്കായി ചെലവഴിച്ച 334080/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതി തുക ഗുണഭോക്താക്കൾക്കായി വിനിയോഗിച്ചതിന്റെ രേഖകൾ/ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി

തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 അങ്കണവാടി അനുപൂരക പോഷകാഹാരം ചെലവു രേഖകൾ പൂർണമായി ഹാജരാക്കിയില്ല- 344091/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പർ | SO 15/23 | SO16/23 | SO056/23 |
|---|---|---|---|
| പ്രോജക്റ്റിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാരം ജനറൽ | അങ്കണവാടി അനുപൂരക പോഷകാഹാരം (എസ്.സി.പി) | അങ്കണവാടി അനുപൂരക പോഷകാഹാരം ജനറൽ |
| അടങ്കൽ | 1250000 വികസനഫണ്ട്<br>700000 കേന്ദ്രാവിഷ്കൃത ഫണ്ട് | 4,00,000- വികസനഫണ്ട് (എസ്.സി.പി)<br>50,000- കേന്ദ്രാവിഷ്കൃത ഫണ്ട് | 127999- വികസനഫണ്ട്<br>643870- കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 1201469 വികസനഫണ്ട്<br>534642 കേന്ദ്രാവിഷ്കൃത ഫണ്ട് | 4,00,000- വികസനഫണ്ട് (എസ്.സി.പി) | 127999- വികസനഫണ്ട്<br>643870- കേന്ദ്രാവിഷ്കൃത ഫണ്ട് |
| ബിൽ നമ്പർ | 59/ 16-08-2022-170779<br>60/ 16-08-2022-11223<br>63/ 17-08-2022- 5352<br>62/ 17-08-2022- 4258<br>61/ 17-08-2022- 6261<br>68/ 23-08-2022-161406<br>77/ 31-08-2022- 8312<br>79/ 31-08-2022-6126<br>82/ 03-09-2022- 6296<br>110/ 10-10-2022-49707<br>111/ 10-10-2022- 80702<br>113/ 10-10-2022- 80850<br>115/ 10-10-2022-542<br>144/ 09-11-2022- 316707<br>155/ 15-11-2022- 19368<br>172/ 30-11-2022- 7905<br>173/ 30-11-2022-6612<br>211/ 17-12-2022-168900<br>236/ 10-01-2023-79380<br>238/ 10-01-2023- 1183<br>239/ 10-01-2023-7213<br>240/ 10-01-2023-2387<br>22200537/14.10.22-6754<br>22201203/30.03.2023-193480 | 207/ 17-12-2022-324389<br>362/ 18-03-2023-75611 | 12/ 31-05-2022-16864<br>34/ 11-07-2022-327<br>35/ 11-07-2022-82908<br>39/ 18-07-2022-3800<br>40/ 19-07-2022-19100<br>58/ 16-08-2022-5000<br>22200221/01.07.2022 -166696<br>22200222/01.07.2022 -372663<br>22200223/01 /07.2022 – 21930<br>22200741/19.12.2022 - 82581 |

| | | | |
|---|---|---|---|
| | 22201204/30.03.2023-130604<br>22201205/30.03.2023-9183<br>22201206/30.03.2023-15449<br>22201207/30.03.2023-145530<br>22201208/30.03.2023-33642 | | |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

അങ്കണവാടി അനുപൂരക പോഷകാഹാരം ജനറൽ, അങ്കണവാടി അനുപൂരക പോഷകാഹാരം(എസ്.സി.പി), അങ്കണവാടി അനുപൂരക പോഷകാഹാരം(സ്പിൽ ഓവർ) എന്നിങ്ങനെ മൂന്ന് പദ്ധതികളാണ് 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയത്. പദ്ധതിയുടെ പൂർണമായ ചെലവ് രേഖകൾ നിർവഹണോദ്യോഗസ്ഥ പരിശോധനക്ക് ഹാജരാക്കിയില്ല. രേഖകൾ ആവശ്യപ്പെട്ട് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നം 37/2022-23, തീയതി 19.10.2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**I) പ്രോജക്ട് നം SO 15/23 , അങ്കണവാടി അനുപൂരക പോഷകാഹാരം ജനറൽ-303061 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.**

അങ്കണവാടി അനുപൂരക പോഷകാഹാരം ജനറൽ, SO 15/23 എന്ന പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) പദ്ധതി പ്രകാരം 28.03.2023 ൽ 33642/- രൂപ ട്രാൻസ്പോർട്ടേഷൻ ചാർജായി കൈരളി ന്യൂട്രിമിക്സ് എന്ന സ്ഥാപനത്തിന് നൽകി എന്നാൽ വാഹനം വാടകയ്ക്കെടുത്തതിന്റെ ക്വട്ടേഷൻ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

B) മുഹമ്മദ് ഇസ്മായിൽ എന്നയാൾക്ക് 10-01-2023- ൽ 1183/- രൂപ, 10-01-2023-ൽ 7213/- രൂപ, 24-03-23 ൽ 15449/- രൂപ എന്നിങ്ങനെ തുക നൽകിയിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

C) ചുവടെ പറയുന്ന ബിൽ നമ്പർ പ്രകാരമുള്ള 2,45,574/- രൂപയുടെ ചെലവ് സംബന്ധിച്ച ബില്ലോ ചെലവ് രേഖകളോ ഹാജരാക്കിയില്ല.

| | |
|---|---|
| ബിൽ നമ്പർ/തീയതി/തുക | • 110/ 10-10-2022-49707<br>• 240/ 10-01-2023-2387<br>• 22201203/30.03.2023-193480 |

D) സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയിസ് രേഖപ്പെടുത്തി സ്റ്റോക്ക് എൻട്രി വരുത്തുന്നില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ മേൽ പരാമർശിത ബില്ലുകൾ പ്രകാരമുള്ള 303061/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപോൽബലകമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**II) പ്രോജക്ട് നംSO16/23, അങ്കണവാടി അനുപൂരക പോഷകാഹാരം(എസ്.സി.പി)**

പദ്ധതിയുടെ പരിശോധനയിൽ സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയിസ് രേഖപ്പെടുത്തി സ്റ്റോക്ക് എൻട്രി വരുത്തുന്നില്ലായെന്ന് കണ്ടു. അപാകത സംബന്ധിച്ച് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

അപാകത പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

**III)പ്രോജക്ട് നം SO056/23, അങ്കണവാടി അനുപൂരക പോഷകാഹാരം(സ്പിൽ ഓവർ) 46030 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.**

അങ്കണവാടി അനുപൂരക പോഷകാഹാരം (സ്പിൽ ഓവർ) SO056/23, എന്ന പദ്ധതിയുടെ പരിശോധനയിൽ സാമ്പ

ഖാൻ എന്നയാൾക്ക് 31-05-2022- ൽ 21930 രൂപ, മുഹമ്മദ് ഇസ്മായിൽ എന്നയാൾക്ക് 19-07-2022 ൽ 19100/- രൂപ എന്നിങ്ങനെ തുക നൽകിയിട്ടുണ്ട്. എന്നാൽ ചെലവ് സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ പരാമർശിത ബില്ലുകൾ പ്രകാരമുള്ള 41030/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപോൽബലകമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 മേശയും കസേരയും വിതരണം(എസ്.സി) പദ്ധതിയിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0034/23 |
| പ്രോജക്ടിന്റെ പേര് | മേശയും കസേരയും വിതരണം(എസ്.സി) |
| അടങ്കൽ | 490000/-(വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | 486315/- |
| ബിൽ നമ്പർ | 5/05.05.2022 |
| നിർവ്വഹണം | അസ്സിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണ് പട്ടികജാതി വിദ്യാർത്ഥികൾക്ക് പുതിയ മേശയും കസേരയും വാങ്ങൽ എന്ന പദ്ധതി. ടെണ്ടർ മുഖേന ഫർണീച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്ത് 5ാം ക്ലാസ് മുതൽ 12ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനായാണ് തുക വകയിരുത്തി ഡി.പി.സി അംഗീകാരം വാങ്ങിയത്. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം13/2022-23, 13.10.2023) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം 115/2022/lsgd തീയതി 28.05.2022 ഖണ്ഡിക 7.2.6പ്രകാരം ഫർണീച്ചർ സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. അപ്രകാരം വിതരണം ചെയ്തതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് തേമ്പാമൂട് ജനതാ ഹയർ സെക്കൻഡറി സ്കൂളിൽ ഫർണീച്ചർ ഇറക്കിയതിനു ശേഷം പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം നടത്തി വിതരണം ചെയ്തുവെന്നും ഗുണഭോക്താക്കൾ പഞ്ചായത്തിനകത്തും പഞ്ചായത്തിന് പുറത്തും ഉള്ള വിവിധ സ്കൂളുകളിലാണ് പഠിക്കുന്നതെന്നും സ്കൂളുകളിൽ കയറ്റിറക്ക് കൂലി പ്രത്യേകം നൽകി ഫർണീച്ചർ എത്തിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടായിരുന്നത് കാരണമാണ് സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യാത്തതെന്നും അറിയിച്ചിട്ടുണ്ട്.

2) പദ്ധതി പ്രകാരം 5ാം ക്ലാസ് മുതൽ 12ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനായാണ് തുക വകയിരുത്തി ഡി.പി.സി അംഗീകാരം വാങ്ങിയത്. എന്നാൽ സ്കൂൾ അധികൃതർ ലഭ്യമാക്കിയ സാക്ഷ്യപത്രം പ്രകാരം ചുവടെ പറയുന്ന വിദ്യാർത്ഥികൾ/ വിദ്യാർത്ഥിനികൾ 1ാം ക്ലാസ് മുതൽ 4 ക്ലാസ് വരെ പഠിക്കുന്നവരാണ്. പദ്ധതി വിഭാവനം ചെയ്തതിനു വിരുദ്ധമായി നടപ്പിലാക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് SC ഫണ്ട് 100% ചെലവിടണം എന്ന സദുദ്ദേശത്തോടെയാണ് അപ്രകാരം ചെയ്തതെന്നും എന്നാലതനുസരിച്ച് പ്രോജക്ട് റിവൈസ് ചെയ്യുന്നതിലുണ്ടായ പിഴവ് മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നും അറിയിച്ചിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | സ്കൂൾ അധികൃതർ ലഭ്യമാക്കിയ സാക്ഷ്യപത്രം പ്രകാരം ക്ലാസ് |
|---|---|---|
| 1 | സാഫല്യസുധീഷ് , വട്ടയം , ലക്ഷം വീട് | 1 |
| 2 | വൈശാഖ് ആർ (മായ .എസ്), വിളയിൽ വീട് യാക്കൻ ചിറ | 3 |
| 3 | അശ്വനി എസ്(രതീഷ്), ആറ്റരികത്ത് വീട് , ചെമ്പൻകോട് | 1 |
| 4 | വൈഗ(ബിനു), കുപ്പിൽ തടത്തരികത്ത് വീട് കുനൻവേങ്ങ | 4 |
| 5 | വൈഗ ഡി, (സുഭാഷ്) കട്ടയ്ക്കാലിൽ വീട് , അരുവിപ്പുറം | 3 |

| | | |
|---|---|---|
| 6 | ശിവാനി.ആർ(രാഹുൽ) ശിവകാമി ഭവൻ കട്ടയ്ക്കാലിൽ വീട് , അരുവിപ്പുറം | 3 |
| 7 | അനഘ.എസ്(സുരേഷ്.എസ്) പാലുവള്ളി വീട് , വയ്യക്കാവ് | 4 |
| 8 | ആദിത്യൻ എ (ആതിര.പി), ആതിര ഹൗസ് നെടുംകൈത | 2 |
| 9 | അക്ഷര പൂർണിമ(ലേഖ) മാമൂട്ടിൽ വീട് വേങ്കമല | 4 |
| 10 | മിത്ര ഷൈജു, (ഷൈജു) വേങ്കാട്ടിൽ ചരുവിള പുത്തൻവീട് ചുള്ളാളം | 3 |
| 11 | ദേവപ്രിയ,(ബീന.റ്റി) ദേവപ്രിയ ഭവൻ വടക്കേ ചരുവിള പുത്തൻ വീട് | 2 |
| 12 | അനീശ്വര. എസ്(ഷൈനി), വേങ്കാട്ടിൽ, ചരുവിള പുത്തൻ വീട് | 4 |
| 13 | ഗൗരി(ചിത്ര), കോട്ടവരമ്പ് തടത്തരികത്ത് വീട് | 4 |
| 14 | ആരണ്യ എസ്(ദീപ), വള്ളിയറുപ്പൻ കാട് ലക്ഷം വീട് | 4 |
| 15 | അഭിനന്ദ്. റ്റി എൽ, (ലീന/തുളസീധരൻ), നാഞ്ചിപ്പാറ വീട് | 4 |
| 16 | ശ്രീരാജ്.എസ്(സൗമ്യ), വടയാനിക്കോണം, കിഴക്കേ വീട്) | 4 |
| 17 | ജിജി ബി.എസ്(സിനി) വടയാനിക്കോണം , കിഴക്കുംകര പുത്തൻ വീട് | 3 |
| 18 | ആദിത്യൻ. എസ്.എൻ, (നിത്യ) കുന്നിൽ വീട് പാലാംകോണം | 1 |
| 19 | ഗൗതം വി. ആർ, രജിത, കുന്നിൽ വീട് പാലാംകോണം | 2 |
| 20 | ജീവൻ.എം, വിനീത മുടിയൂർകോണത്ത് പുത്തൻ വീട്, വാദ്ധ്യാരുകോണം | 3 |
| 21 | സന്തുജ്(സജി), കിഴക്കുംകര തടത്തരികത്ത് പുത്തൻ വീട് പാലാംകോണം | 3 |

ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 പ്രൊക്യൂർമെന്റ് കമ്മിറ്റി തെരഞ്ഞെടുത്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല

സർക്കാർ ഉത്തരവ് ജി.ഒ. (പി)259/2010/എൽ.എസ്.ജി.ഡി തീയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധസ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യൂയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യണമെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നു. സ്ഥാപനത്തിലെ പ്രൊക്യൂയർമെന്റ് കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. 2022-23 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന്

മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം.41/2022-23, 18.10.2023).

വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-26 കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി - ഗുണഭോക്താവിന്റെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S0114/23 |
| പ്രോജക്ടിന്റെ പേര് | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി |
| അടങ്കൽ | 800000 (വി.പ. പൊ.വി. സാ.വി - 400000, മറ്റുള്ളവ - 400000) |
| ചെലവ് | 200000/- |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഹിതം - സാധാരണ വിഹിതം, മറ്റുള്ളവ |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

കറവപ്പശുക്കളുടെ പാലുൽപ്പാദനം, ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കൽ, ഉൽപ്പാദന ചെലവ് കുറയ്ക്കൽ എന്നീ ലക്ഷ്യത്തോടുകൂടി പഞ്ചായത്തിലെ പാൽ സൊസൈറ്റിയിൽ പാൽ അളക്കുന്നവർക്കും അല്ലാത്തവർക്കും നാലു പാൽ സൊസൈറ്റികൾ മുഖേന കാലിത്തീറ്റ സബ്സിഡി നൽകുന്നു. കാലിത്തീറ്റ, കർഷകർ ബന്ധപ്പെട്ട സൊസൈറ്റിയിൽ നിന്നും വാങ്ങേണ്ടതാണ്. ഒരു പശുവിന് ഒരു മാസം 1000/- രൂപയുടെ കാലിത്തീറ്റ സബ്സിഡി നിരക്കിൽ ലഭിക്കും (ആകെ 4 മാസം). സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താവ് നേരിട്ട് വഹിക്കേണ്ടതാണ്. ഒരു ഗുണഭോക്താവിന് 4000/- രൂപാ വീതം ആകെ 100 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃലിസ്റ്റിലെ (നം. 31) സിന്ധുമോൾ, കരിമ്പുവിള വീട് എന്ന ഗുണഭോക്താവ് ഹാജരാക്കിയിരിക്കുന്ന റേഷൻകാർഡിന്റെ പകർപ്പിൽ മാണിക്കൽ പഞ്ചായത്ത് എന്നാണ്. എന്നാൽ ഇവർ പുല്ലമ്പാറ പഞ്ചായത്തിലെ അഞ്ചാം വാർഡിലെ സ്ഥിരം താമസക്കാരിയാണെന്നും തെള്ളിക്കച്ചാൽ ക്ഷീര സംഘത്തിലെ ക്ഷീരകർഷകയാണെന്നും ഗുണഭോക്താവിന്റെ റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം. 31/18.10.2023- ന് മറുപടിയായി നിർവ്വഹണോദ്യാഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിക്കുമ്പോൾ രേഖകൾ കൃത്യമായി പരിശോധിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 കന്നുകുട്ടി പരിപാലനം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 225000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | S0237/23 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 1200000/- രൂപ (വികസന ഫണ്ട് - പൊതുവിഹിതം - സാധാരണ വിഹിതം - 600000, മറ്റുള്ളവ – 600000) |
| ചെലവ് | 225000/- രൂപ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഹിതം - സാധാരണ വിഹിതം, മറ്റുള്ളവ |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| ബിൽ നം. 427/28.3.2023 | 225000/- രൂപ |

4-6 മാസം പ്രായമുള്ള കന്നുകുട്ടികളുടെ ഉടമസ്ഥരായ ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്ത് 50% സബ്സിഡിയിൽ കന്നുകുട്ടിത്തീറ്റ വിതരണം ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി രൂപീകരണ ഫോറം പ്രകാരം 48 ഗുണഭോക്താക്കൾക്കാണ് പ്രയോജനം ലഭിക്കേണ്ടിയിരുന്നത്. എന്നാൽ 18 പേരിൽ നിന്ന് 12500/- രൂപാ

വീതം 225000/- രൂപ ഗുണഭോക്തൃ വിഹിതമായി ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി. തിരുവനന്തപുരത്തിന് കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. കന്നുകുട്ടിത്തീറ്റ വിതരണവുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരത്തിന് കത്തയച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം. 24/17.10.2023-ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.
വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 225000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 ചങ്ങാതി-സഞ്ചരിക്കുന്ന ലൈബ്രറി- ചെലവു രേഖകൾ പൂർണ്ണമായും ലഭ്യമല്ല-

| | |
|---|---|
| പ്രോജക്റ്റ് നം. | 85/23(SO) |
| പ്രോജക്റ്റിന്റെ പേര് | ചങ്ങാതി -സഞ്ചരിക്കുന്ന ലൈബ്രറി |
| അടങ്കൽ | 190000- വികസന ഫണ്ട് |
| ചെലവ് | 50000(വികസന ഫണ്ട്) |
| ബിൽ നം | 171/30-11-22-50000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി നമ്പർ | 30/18-10-23<br>43/18-10-23 |

സഞ്ചരിക്കുന്ന ലൈബ്രറി എന്ന പദ്ധതിയിലുൾപ്പെടുത്തി തൻവർഷം സുലേഖ ചെലവു പത്രിക പ്രകാരം 50000/- രൂപയുടെ ചെലവും എ.സി.ആർ. പ്രകാരം 190000/- രൂപയുടെ ചെലവും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്റ്റ് രൂപീകരണ ഫോറം ലഭ്യമാക്കാത്തതിനാൽ പദ്ധതിയുടെ പൂർണ്ണമായ വിശദാംശം ലഭ്യമല്ല. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1 . സുലേഖ പ്രകാരം 50000/- രൂപയുടെ ചെലവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് ഏതിനത്തിലെ ചെലവാണെന്നതിന്റെ രേഖകൾ, സാംഖ്യ ബിൽ, തുക കൈപ്പറ്റിയ വ്യക്തി, സ്ഥാപനം എന്നിവയുടെ വിശദാംശം ഫയലിലില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സഞ്ചരിക്കുന്ന ലൈബ്രറിക്കു വേണ്ടി പുസ്തകം വാങ്ങുന്നതിനായാണ് 50000/- രൂപ ചെലഴിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അനുബന്ധരേഖകൾ ലഭ്യമാക്കുന്നതായി മറുപടിയിൽ അറിയിച്ചെങ്കിലും മേൽ വാങ്ങലിനായി സ്വീകരിച്ച ടെണ്ടർ നടപടികളുടെ വിവരം, പുസ്തകം വാങ്ങിയതിന്റെ ടാക്സ് ഇൻവോയ്സ് എന്നിവ ലഭ്യമാക്കിയില്ല. രേഖകൾ ഐ.എൽ.ജി.എം.എസിലും ലഭ്യമല്ല.

2. എ.സി.ആർ. പ്രകാരം മേൽ സൂചിപ്പിച്ച 50000/-രൂപക്ക് പുറമെ 140000/-രൂപയുടെ ചെലവ് കൂടി രേഖപ്പെടുത്തിയിരിക്കുന്നു. 28-3-23 തീയതിയിലെ A3/3185/23 നം സെക്രട്ടറിയുടെ ഉത്തരവു നടപടി പ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട് തനതു ഫണ്ടിൽ നിന്നും ചെലവായ 140000/- രൂപ വികസന ഫണ്ടിൽ നിന്നും തനതു ഫണ്ടിലേക്ക് റീ ക്ലപ്പ് ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. ടി തുക 2022 മെയ് മാസം മുതൽ നവംബർ വരെ ലൈബ്രേറിയനായ, വിഷ്ണു, സരോജിനി മന്ദിരം എന്നിവർക്കു നൽകിയതാണ്. ടിയാന്റെ അറ്റന്റൻസ്, നിയമനവുമായി ബന്ധപ്പെട്ട ഫയൽ എന്നിവ ലഭ്യമാക്കുന്നതിനും പദ്ധതിയുടെ മുഴുവൻ ചെലവും സുലേഖയിൽ രേഖപ്പെടുത്താത്തതിന്റെയും കാരണം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറികൾ പ്രകാരം ആവശ്യപ്പെട്ടതിന് തൻവർഷം 140000/-രൂപയുടെ ബിൽ ക്യൂ ബിൽ ആവുകയും 2023-24 ൽ ആണ് തുക മാറിയിട്ടുള്ളതെന്നുമാണ് മറുപടി ലഭ്യമാക്കിയത്.
3. പദ്ധതിക്കായി വാങ്ങിയിട്ടുള്ള പുസ്തകങ്ങളുടെ സ്റ്റോക്ക് , ഇഷ്യൂ, പുസ്തകം തിരികെ ലഭിക്കുന്നത് എന്നിവ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 1159 പുസ്തകങ്ങൾ ഇഷ്യൂ ചെയ്തതിൽ 546 പുസ്തകങ്ങൾ ഇനിയും തിരികെ ലഭിക്കാനുള്ളതായി കാണുന്നു. നിലവിൽ ടി പുസ്തകങ്ങൾ പഞ്ചായത്ത് ലൈബ്രറിയിലാണ് സൂക്ഷിച്ചിരിക്കുന്നത് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും പഞ്ചായത്ത് ഓഫീസിലും സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.
ചെലവു രേഖകൾ പൂർണ്ണമായും ലഭ്യമാക്കേണ്ടതും ഇഷ്യൂ ചെയ്ത പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സ്റ്റോക്ക് വിവരം കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-29 ഭൗമ വിവര പഞ്ചായത്ത് കരാർ പ്രകാരമുള്ള കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 218/23 |
| പ്രോജക്റ്റിന്റെ പേര് | ഭൌമ വിവര പഞ്ചായത്ത് |

| | |
|---|---|
| | പദ്ധതി തയ്യാറാക്കൽ |
| അടങ്കൽ | 1328739/- വികസന ഫണ്ട്, CFC |
| ചെലവ് | 928218/- (വികസന ഫണ്ട് , CFC) |
| ബിൽ നം | 177/1-12-22-531496<br>359/18.03.2023 -396722 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി നമ്പർ | 46 |

പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ റോഡുകൾ, സ്ഥാപനങ്ങൾ, ഭവനങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, ജലാശയങ്ങൾ, വൈദ്യുത പോസ്റ്റുകൾ, സ്ഥിര താമസക്കാരുടെ വിവരങ്ങൾ, എന്നിവ ശേഖരിക്കുകയും, ജിയോ മാപ്പിംഗ് ചെയ്ത് ഒരു ഡാറ്റാ ബേസ് ആയി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഗ്രാമീണ പഠനകേന്ദ്രം കരകുളം വഴിയാണ് ഡാറ്റാ ബേസ് തയ്യാറാക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1. ഗ്രാമ പഞ്ചായത്ത് ഒന്നാം കക്ഷിയായും ഗ്രാമീണ പഠന കേന്ദ്രം രണ്ടാം കക്ഷിയായും 14-8-22 ഏർപ്പെട്ട കരാർ ഖണ്ഡിക 10 പ്രകാരം കരാർ ഒപ്പിട്ട് 4 മാസത്തിനുള്ളിൽ പദ്ധതി പ്രവർത്തനം പൂർത്തീകരിച്ച് വെബ്ബ് പോർട്ടൽ പ്രവർത്തന ക്ഷമമാക്കുന്നതിനാണ് വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ കരാറിലേർപ്പെട്ട് ഒരു വർഷം പൂർത്തിയായിട്ടും പദ്ധതി പ്രകാരമുള്ള പ്രവർത്തനം പൂർത്തീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പദ്ധതി പൂർത്തീകരിച്ചതായും അതിന്റെ പ്രസന്റേഷൻ പഞ്ചായത്തിൽ നടത്തിയതായും അതിൽ ചില പുതിയ വിവരങ്ങൾ കൂടി ഉൾപ്പെടുത്തണമെന്ന് പഞ്ചായത്ത് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ പതിമൂന്ന് വാർഡുകളിൽ അവ പൂർത്തിയായിട്ടുള്ളതായും അവശേഷിക്കുന്ന രണ്ട് വാർഡുകളിലെ പ്രവർത്തനങ്ങൾ നടന്നു വരുന്നതായും അറിയിച്ചിട്ടുണ്ട്.

2. കരാർ ഖണ്ഡിക -5 പ്രകാരം പദ്ധതി പ്രവർത്തനങ്ങൾ ഭരണസമിതി മോണിറ്റർ ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിൽ വികസന സ്റ്റാന്റിംഗ് കമ്മറ്റിയും പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റിയും മോണിറ്ററിംഗ് നടത്തുകയും കാലാ കാലങ്ങളിൽ റിവ്യൂ മീറ്റിംഗ് നടത്തുകയും ചെയ്യുന്നുണ്ട് എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

3. മേൽ ബിൽ പ്രകാരം കൈമാറിയ തുകയിൽ നിന്നും ജി.എസ്.ടി., ഇൻകംടാക്സ് 2% എന്നിവ ഈടാക്കിയിട്ടില്ല. അന്തിമ ബിൽ പ്രകാരമുള്ള തുകയിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

4.2022 നവംബർ വരെയുള്ള പ്രവർത്തന പുരോഗതി റിപ്പോർട്ടാണ് ലഭ്യമായിട്ടുള്ളത്. ആയതിനുശേഷമുള്ള റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി നാളിതു വരെയുള്ള പുരോഗതി റിപ്പോർട്ട് മറുപടിക്കൊപ്പം ഉള്ളടക്കം ചെയ്യുന്നുവെന്ന് മറുപടിയിൽ പരാമർശിച്ചെങ്കിലും ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-30 എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ലാതെയും കരാറിലേർപ്പെടാതെയും ഡെപ്പോസിററ് പ്രവർത്തികൾക്ക് തുക കൈമാറി- വിനിയോഗ വിവരവും അനുബന്ധരേഖകളും ലഭ്യമല്ല- ചെലവു തുക199500 രൂപ തടസ്സത്തിൽ വക്കുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നം | 3/23 |
| പ്രോജക്റ്റിന്റെ പേര് | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 380000/-സി.എഫ്.സി |

| | |
|---|---|
| ചെലവ് | 199500/- |
| വൌച്ചർ നം | 457/28-3-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി നം | 20/17-10-23 |

ഗ്രാമ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

19.04.2022ലെ സർക്കാർ ഉത്തരവ് (കൈ) 84/2022/തസ്വഭവ നമ്പർ ഉത്തരവ് 3.5.v പ്രകാരം ഡെപ്പോസിറ്റ് മാതൃകയിൽ നടപ്പാക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപന തലത്തിൽ അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്റർ ചെയ്യേണ്ടതും കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി എസ്റ്റിമേറ്റിനനുസരിച്ച് പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇത്തരത്തിൽ കെ.എസ്.ഇ.ബി.യുമായി ചേർന്ന് പഞ്ചായത്തിൽ നടപ്പിലാക്കുന്ന നിക്ഷേപ പ്രവൃത്തികൾ മോണിറ്റർ ചെയ്ത് കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. കൂടാതെ പ്രസ്തുത ഫയലുകൾ പരിശോധിച്ചതിൽ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പതിനാലാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഖണ്ഡിക-12.2.5. ഡി. പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തികളുടെ മുൻകൂർ തുക അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് കൈമാറേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ഫയലിലിൽ എസ്റ്റിമേററില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

2. മേൽ ഉത്തരവ് ഖണ്ഡിക 12.2.5.ഡി (Ii)പ്രകാരം തദ്ദേശ സ്ഥാപനം ഡെപ്പോസിറ്റ് വർക്ക് ഏറ്റെടുത്ത് നടത്തുന്ന ഏജൻസിയുമായി കരാറിലേർപ്പെട്ടതിനുശേഷം മാത്രമെ തുക മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കരാറിലേർപ്പെടാതെയാണ് തുക നൽകിയിരിക്കുന്നത്.

3. കെ.എസ്.ഇ.ബി. തുക കൈപ്പറ്റിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റിയുടെ പെർഫോർമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുംവരെക്കും 199500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-31 വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം- വിഹിതം കൈമാറൽ- പദ്ധതി മാർഗ്ഗരേഖ, സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ, എന്നിവ പാലിച്ചിട്ടില്ല- വിനിയോഗ വിവരം ലഭ്യമല്ല- 96000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്റ്റ് നം | 209/23 |
| പ്രോജക്റ്റിന്റെ പേര് | വൃക്ക രോഗികൾക്ക് ഡയാലിസിസ് ചികിൽസാ ആനുകൂല്യം-ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറൽ |
| അടങ്കൽ | 96000/- |
| ചെലവ് | 96000/- |
| വൌച്ചർ നം | 452/28-3-23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി നം | 22/17-10-23 |

ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകുന്നതിനായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ പദ്ധതി നടപ്പാക്കിയിരിക്കുന്നത് 14-ാം പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകളും അനുബന്ധ ഉത്തരവുകൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെയും ആണെന്ന് കാണുന്നു.

1. സ ഉ (കൈ) 115/22 തസ്വഭവ തിയ്യതി-28-5-22 ഖണ്ഡിക 7.6.7-3 പ്രകാരം ഗ്രാമ പഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളുമാണ് പദ്ധതി നടപ്പാക്കേണ്ടതെന്നും ഗ്രാമ പ്രദേശങ്ങളിൽ ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും ഏറ്റെടുക്കാവുന്നതാണ് എന്നും നിഷ്കർഷിക്കുന്നു. ഖണ്ഡിക- 7-6-7-1 പ്രകാരം എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000/-രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകാവുന്നതാണെന്നും 18-9-22 തീയതിയിലെ ഡി.എ/151/22 തസ്വഭവ സർക്കുലർ പ്രകാരം അതാത് തദ്ദേശ സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാരെയാണ് ഈ പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻമാരാക്കാവുന്നതെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പ്രകാരം സ്പഷ്ടമാക്കിയിട്ടും ആയതിനു വിരുദ്ധമായി ജില്ലാ പഞ്ചായത്തിന് പദ്ധതി നിർവ്വഹണത്തിനായി വിഹിതം കൈമാറിയത് ക്രമപ്രകാരമല്ല. ഇപ്രകാരം വിഹിതം അനുവദിച്ചതിന് അടിസ്ഥാനമാക്കിയ ഉത്തരവ് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

2. ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ ഡയാലിസിസ് രോഗികളുടെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

3. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷ , വരുമാനം തെളിയിക്കുന്ന രേഖ എന്നിവ ഫയലിലില്ല.

4. ജില്ലാ പഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.
മേൽപരകാരമുള്ള രേഖകൾ ലഭ്യമാക്കുന്നതു വരെക്കും 96000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ആസ്തി സംരക്ഷണം, ആസ്തി രജിസ്റ്റർ കാലികമാക്കൽ എന്നിവ പൂർണ്ണമായും നടപ്പിലായില്ല

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.
പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെ വിശദാംശങ്ങളും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (8/12-10-23) ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന്റെ ഭാഗമായി നിലവിൽ റോഡ് R-TRACKവഴി ഫേസ് -1 ൽ 2019-20 വർഷം എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം വിവര ശേഖരണം നടത്തിയിരുന്നു. ടി പ്രവർത്തിയുടെ വെരിഫിക്കേഷൻ സംബന്ധിച്ച ഫേസ്-2 നടപ്പാക്കുന്നതിലേക്കായി 2021-22 ൽ 14-9-21 ലെ വികേന്ദ്രീകൃത ആസൂത്രണ സമിതിയുടെ 4-11 തീരുമാനം അനുസരിച്ചു പദ്ധതി രൂപീകരിച്ചിട്ടുണ്ട് ഫേസ് 1 നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ കണക്ടിവിററി പ്ളാൻ, റോഡ് ലിസ്റ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ വെരിഫിക്കേഷൻ (ഫേസ് -2) പൂർത്തീകരിച്ചു തുടർ നടപടികൾക്കായി സമർപ്പിച്ചതായും നിലവിൽ R TRACK മായി ബന്ധപ്പെട്ട് നടത്തുന്ന നടപടികൾക്കുശേഷം പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 വിനിയോഗ വിവരം ലഭ്യമല്ല- ചെലവു തുക 488052/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല .

| ക്രമ നം | പദ്ധതി നമ്പർ | പദ്ധതി | സ്ഥാപനം | ഫണ്ടിനം | ബിൽ നമ്പർ/ | തുക |
|---|---|---|---|---|---|---|
| 1 | 77 /23 | ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് നിർമ്മാണം | ചെയർ പേഴ്സൺ & മെമ്പർ സെക്രട്ടറി ഡി.പി.സി | വികസന ഫണ്ട്(ജനറൽ) | 94/24-9-22 | 350000 |
| 2 | 71/23 | ഐ കെ എം | ഐ കെ എം | വികസന ഫണ്ട് | 200/16-12-22 | 132122(വികസന |

| | | | | | | |
|---|---|---|---|---|---|---|
| | | വിഹിതം നൽകൽ | വിഹിതം നൽകൽ | ( ജനറൽ)` തനതുഫണ്ട് | | ഫണ്ട്)5930*-(തനതു ഫണ്ട്) |

*തനതു ഫണ്ടിൽ നിന്നുള്ള ചെലവ് സുലേഖയിൽ രേഖപ്പെടുത്തിയിട്ടില്ല.
വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 18, 48 എന്നിവക്ക് മറുപടി ലഭ്യമാക്കിയില്ല. കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ 488052/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 പൊതു ടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിന് തുക അടവാക്കൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല- ചെലവു തുക 182000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 195/23 |
| പ്രോജക്റ്റിന്റെ പേര് | പൊതു ടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയിൽ തുക അടവാക്കൽ |
| അടങ്കൽ | 187000/-(തനതു ഫണ്ട്) |
| ചെലവ് | 182000/- |
| വൌച്ചർ നം | വൗച്ചർ ചെക്ക് നം-765822/3-6-22- തുക-182000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ പ്രവർത്തന രഹിതമായ പൊതുടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിനുള്ള തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.
30-3-22 തീയതിയിലെ 2(2) തീരുമാന പ്രകാരം എല്ലാ വാർഡുകളിലായി 94 എണ്ണം പൊതു ടാപ്പുകൾ ഉണ്ടെന്നും ആയതിൽ 11എണ്ണം മാത്രം നിലനിർത്തുന്നതിനും ബാക്കിയുള്ളവ വിച്ഛേദിക്കുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് കത്തു നൽകുകയും വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം തുക കൈമാറിയിട്ടുണ്ട്. നിലവിൽ 125 ടാപ്പുകൾക്കാണ് വെള്ളക്കരം അടയ്ക്കുന്നത്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് പദ്ധതി പ്രകാരം കൈമാറിയ തുകക്കുള്ള വിനിയോഗ സാക്ഷ്യ പത്രമോ ആവശ്യപ്പെട്ട പൊതുടാപ്പുകൾ കണക്ഷൻ വിച്ഛേദിച്ചതിന്റെ വിശദാംശങ്ങളോ ലഭ്യമല്ല. 6/22 ലെ ബില്ലിലും 125 ടാപ്പുകളുടെ തുക ഡിമാന്റ് ചെയ്തിട്ടുണ്ട് , പ്രസ്തുത തുക ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുന്നതിനും ടാപ്പുകളുടെ എണ്ണം പുനക്രമീകരിച്ചുകൊണ്ട് വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിനും പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന റിപ്പോർട്ട് , അധികമായി അടവാക്കിയ തുക പിന്നീടുള്ള ബില്ലുകളിൽ വാട്ടർ അതോറിറ്റി ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(49/18-10-23) മറുപടി ലഭ്യമാക്കിയില്ല രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 182000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 അതി ദരിദ്ര പട്ടികയിൽ ഉൾപ്പെട്ടവർക്ക് വീട് അറ്റകുറ്റപണി-രേഖകൾ ലഭ്യമല്ല- ചെലവു തുക 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 226/23 |
| പ്രോജക്റ്റിന്റെ പേര് | അതി ദരിദ്ര പട്ടികയിൽ ഉൾപ്പെട്ടവർക്ക് വീട് അറ്റകുറ്റപണി |

| | |
|---|---|
| അടങ്കൽ | 15,00,000/- |
| ചെലവ് | 440790/-<br>ബിൽ നം.257/30.01.2023<br>2,00,000/-<br>258/30.01.2023 - 50,000/-<br>276/08.02.2023 – 50,000/-<br>292/21.02.2023 – 40,790/-<br>ബ്ലോക്ക് വിഹിതം<br>വൗച്ചർ<br>നം.22201117/27/3/23 –<br>50,000/-<br>വൗച്ചർ<br>നം.22201116/27/3/23 –<br>50,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ-1 |

അതി ദരിദ്ര പട്ടികയിൽ ഉൾപ്പെട്ടവർക്ക് വീട് വാസയോഗ്യമല്ലാത്ത വീടുള്ള 15 ഗുണഭോക്താക്കളുടെ ഭവനം വാസയോഗ്യമാക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

പദ്ധതിയിലുൾപ്പെടുത്തി തുക കൈപ്പറ്റിയ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയതിന്റെ രേഖകൾ ഫയലിലില്ല.

1. ഷിബു. ചരുവിള പുത്തൻ വീട് എന്നവർക്ക് 50,000/- രൂപ നൽകിയിട്ടുണ്ട്. ടിയാൻ ഭവന പുനരുദ്ധാരണം പൂർത്തിയാക്കി വാല്യു വേഷൻ സർട്ടിഫിക്കററ് ലഭ്യമാക്കിയിട്ടില്ല. (ബിൽ നം 276/8-2-23- വികസന ഫണ്ട്-ജനറൽ)

2. സുഭദ്ര, കുളപ്പുറം മിച്ചഭൂമി, എന്നവർ ഒന്നാം ഗഡു 50,000/-രൂപ കൈപ്പറ്റിയിട്ടുണ്ട്. ഭവന പുനരുദ്ധാരണം പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. (വൌച്ചർ നം -(22201117/27-3-23-50,000/-)

3. 14/3/23 ലെ 1(19) നം ഭരണസമിതി തീരുമാന പ്രകാരം ശ്രീമതി. രാധ, കുളപ്പാറ, പാണയം എന്നവരുടെ വീടിന്റെ പ്രവർത്തികൾ ലാഭേച്ഛ കൂടാതെ പൂർത്തിയാക്കുന്നതിന് 15-2-23 ന് കൂടിയ ഗുണഭോക്തൃകമ്മറ്റിയിൽ നിന്നും തെരഞ്ഞെടുത്ത ഷമീർ. കെ എന്ന വ്യക്തിയെ അംഗീകരിക്കുന്നതിനുള്ള വി.ഇ.ഒ. യുടെ ശുപാർശ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃ കമ്മറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ 15-2-23 ന് ഗുണഭോക്തൃകമ്മറ്റി യോഗം ചേർന്നതിന്റെ വിവരമോ, തീരുമാനമോ രേഖപ്പെടുത്തിയിട്ടില്ല. രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.50/18-10-23 ന് മറുപടി ലഭ്യമാക്കിയില്ല. പരാമർശ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കുന്നതു വരെക്കും 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 തെരുവ് വിളക്ക് പരിപാലനം -അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | പുതിയ തെരുവ് വിളക്കുകളും അവയ്ക്കുള്ള അനുബന്ധ സാധനങ്ങളും നിലവിലുള്ള തെരുവ് വിളക്കുകളുടെ അനുബന്ധ സാധനങ്ങളും വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | S0002/23 |
| അടങ്കൽ | 8,00,000/-(CFC Untied) |
| ചെലവ് | 7,99,714/- |

| | |
|---|---|
| ബിൽ നമ്പർ/തീയതി/തുക | 1)409/25.03.2023 – 456215/-<br>2)410/25.03.2023 – 343499/- |

പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് സ്ഥാപിച്ചിട്ടില്ലാത്ത വൈദ്യുത പോസ്റ്റുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി തെരുവ് വിളക്കുകൾ പുതുതായി വാങ്ങുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപണിയ്ക്കായി അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രോജക്ടാണിത്. ഗുണനിലവാരമുള്ളതും ഐ.എസ്.ഐ. മുദ്രയുള്ളതുമായ കമ്പനികളുടെ ഇലക്ട്രിക് സാധനങ്ങൾ സപ്ളൈ ചെയ്യുന്നതിന് ജി.എസ്.റ്റി. രജിസ്ട്രേഷനുള്ള അംഗീകൃത വിതരണക്കാരിൽ നിന്നും ദർഘാസുകൾ ക്ഷണിച്ചു. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എ വൺ ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ദർഘാസ് അംഗീകരിച്ചു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകങ്ങൾ കാണുന്നു.

1. എ വൺ ഏജൻസീസിന്റെ ഇൻവോയ്സ് നമ്പർ 22 Dated 17.11.2022 പ്രകാരം 456215.23 രൂപയ്ക്ക് തെരുവ് വിളക്ക് മെയിന്റനൻസിനുള്ള സാധന സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. അവ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം, പ്രസ്തുത സാമഗ്രികൾ വിതരണം ചെയ്തതിന്റെ വിശദാംശം, അവ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.33/18-10-23 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല. എൻക്വയറിക്കുള്ള മറുപടിയിൽ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി അറിയിച്ചിട്ടുണ്ട്. എന്നാൽ രേഖകളുടെ അഭാവത്തിൽ മേൽ മറുപടി അംഗീകരിക്കുന്നില്ല.

2. എ വൺ ഏജൻസീസിന്റെ ഇൻവോയ്സ് നമ്പർ 45 Dated 23.02.2023 പ്രകാരം 343499/- രൂപയ്ക്ക് 229 36W Street Light With LED Lamp വാങ്ങിയിട്ടുണ്ട്. പ്രസ്തുത ലൈറ്റുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റേയും സ്ഥാപിച്ചതിന്റേയും വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.

3. പ്രസ്തുത പ്രോജക്ട് പ്രകാരം പർച്ചേസ് നടത്തുന്നതിനു മുൻപായി ആവശ്യകതാനിർണ്ണയം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും കൂടാതെ തെരുവ് വിളക്ക് സംബന്ധിച്ച മെമ്പർമാരുടെ വാർഡടിസ്ഥാനത്തിലുള്ള അവസ്ഥാ രേഖ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

4. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015ലെ ജി2-44274/2015ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ തെരുവ് വിളക്ക് പരിപാലനത്തിന് പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം വാർഡ്തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയും പ്രതിമാസം പ്രവർത്തനപുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിൽ എല്ലാ വാർഡുകളിലും മോണിറ്ററിംഗ് സമിതി പ്രവർത്തിക്കുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും വിശദാംശം ലഭ്യമാക്കിയില്ല.

5.ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തികവർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ, സ്റ്റോക്ക് ഔട്ട് രജിസ്റ്ററുകൾ റികൺസൈൽ ചെയ്തിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിന് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ലേലം ചെയ്യുന്നുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് എന്നാൽ പരാമർശപ്രകാരമുള്ള രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല.

6.തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണെന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/ത.സ്വ.ഭ.വ. തീ. 15.09.11 ഖ.2നുള്ള കുറിപ്പ് (ഇ) നിർദ്ദേശിച്ചിട്ടുള്ളത്. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നതായി മറുപടി ലഭ്യമാക്കിയെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

7.മേൽ പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങളുടെ ഇൻസ്റ്റലേഷൻ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കിയില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ് (കേരള പഞ്ചായത്ത് രാജ് ആക്ട് 166വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക). ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും കൃത്യമായ മേൽനോട്ടം ഇല്ലാതെയും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 അടാട്ട് മോഡൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പദ്ധതിയുടെ പേര് | അടാട്ട് മാതൃകയിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ | S0001/23 |
| അടങ്കൽ | 6,00,000/- (വി.ഫ. സി.എഫ്.സി Untied) |
| ചെലവ് | 5,03,936/- |
| ബിൽ നമ്പർ, തീയതി, തുക | 1.254/27.01.2023 – 433100/-<br>2.255/27.01.2023 - 70836/- |

പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലേയും തെരുവ് വിളക്കുകൾ അടാട്ട് മാതൃകയിൽ അറ്റകുറ്റപണി നടത്തുന്നതിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം 2 ഇലക്ട്രീഷ്യൻമാരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുകയും തെരുവ് വിളക്ക് അറ്റകുറ്റപണികൾക്കായി വാഹനം വാടകയ്ക്ക് എടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. കൂടാതെ ഇലക്ട്രീഷ്യൻമാർക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങളായ യൂണിഫോം, ഗ്ലൌസ്, മാസ്ക്, ഐഡന്റിറ്റി കാർഡ്, ഹെൽമറ്റ് എന്നിവ വാങ്ങി നൽകുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

പദ്ധതി നിർവഹണം സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഇലക്ട്രീഷ്യൻമാരെ നിയമിച്ചതിന്റെ വിശദാംശം, അവർ സേവനമനുഷ്ഠിച്ച കാലയളവ്, അവർ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) പ്രവർത്തി നിർവ്വഹിക്കേണ്ട തെരുവ് വിളക്കുകളെ സംബന്ധിച്ചുള്ള പരിപൂർണ്ണ വിവരം വാർഡടിസ്ഥാനത്തിൽ പഞ്ചായത്തിന്റേയും വാർഡ് മെമ്പറുടേയും സഹായത്താൽ ശേഖരിച്ച് ക്രോഡീകരിച്ച് വാർഡ് തിരിച്ച് രജിസ്റ്ററായി സൂക്ഷിക്കേണ്ടതും കാലാനുസൃതമായി പുതുക്കേണ്ടതാണ്. കൂടാതെ 17-08-2015 ലെ ജി.2/44274/15-ാം നമ്പറായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേടായ സാധനങ്ങളുടെ വിവരം അതത് ദിവസം രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കണമെന്നും പ്രസ്തുത മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നതായും അറിയിച്ചിട്ടുണ്ട്.

3) മേൽ ഉത്തരവ് പ്രകാരം അടാട്ട് മാതൃക അവലംബിക്കുന്ന പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതി സ്വീകരിക്കലും തുടർ പ്രവർത്തനങ്ങൾക്കുമായി നോഡൽ ആഫീസറെയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നു. പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റനൻസ് ടീമിന് കൈമാറുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തെരുവുവിളക്കിനെപ്പറ്റിയുള്ള പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നതായും അറിയിച്ചിട്ടുണ്ട്.

4) വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കേണ്ടി വരുമ്പോൾ കംപ്ലയിന്റ് രജിസ്റ്റർ പരിശോധിച്ച് മാറ്റി സ്ഥാപിക്കേണ്ട തെരുവുവിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അതിന് ആവശ്യമായി വരുന്ന ദിവസങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കരാർ കാലാവധി ടി ദിവസങ്ങളിൽ പരിമിതപ്പെടുത്തി വാഹനം വാടകയ്ക്ക് എടുക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. ലൈറ്റുകൾ റിപ്പയർ ചെയ്തതായി മെമ്പർ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇലക്ട്രീഷ്യന് വേതനവും വാഹനവാടകയും അനുവദിക്കുന്നത്.

5) 05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

6) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രിഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണെങ്കിലും ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയില്ല.

തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പദ്ധതി തുടർ വർഷങ്ങളിൽ പഞ്ചായത്തിൽ നടപ്പിലാക്കുമ്പോൾ ഇത്തരം അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾ, സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 ലൈഫ് ഭവന പദ്ധതി -പൊതുവായ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 219/23 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവന പദ്ധതി (പട്ടികജാതി) |
| അടങ്കൽ | 40,00,000/- |
| ചെലവ് | 34,40,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |

ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് വാസയോഗ്യമായ ഭവനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ലൈഫ് ഭവനപദ്ധതിയുടെ രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1. സ.ഉ. (എം.എസ്) 34/18 ത.സ്വ.ഭ.വ. തീയതി-16-3-18 പ്രകാരം ലൈഫ് ഭവനങ്ങളുടെ വിസ്തൃതി 400 ച.അടിയായും പിന്നീട് 600 ച.അടിയായും നിശ്ചയിച്ചിട്ടുണ്ട്. സ.ഉ. (ആർ. ടി) 2251/18 ത.സ്വ.ഭ.വ. തീയതി-16-8-18 പ്രകാരം ലൈഫ് പദ്ധതിക്ക് നിശ്ചയിച്ചിരിക്കുന്ന അളവുകളിൽ ഭവനം നിർമ്മിക്കുന്നതിന് Kpbr പ്രകാരം അനുമതി നല്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ചതിൽ സെക്രട്ടറി ഒപ്പിട്ടു നൽകിയ നിരാക്ഷേപ സാക്ഷ്യ പത്രം അപേക്ഷയോടൊപ്പം വച്ചിട്ടില്ല.

2. ഗുണഭോക്താക്കൾക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നത് തെളിയിക്കുന്ന സാക്ഷ്യപത്രം ഫയലിലിൽ ലഭ്യമല്ല.

3. ഗുണഭോക്താക്കളുമായി ഏർപ്പെട്ട കരാറുകളിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

4. എല്ലാ സ്റ്റേജ് സർട്ടിഫിക്കറ്റിലും നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് പദ്ധതി നടത്തിപ്പും ഫയൽ സൂക്ഷിപ്പും കൈകാര്യം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം കൈപ്പറ്റി (ജില്ലാ പഞ്ചായത്ത് വിഹിതം) ശ്രീമതി ഓമന സി. കുഴിവിള വീട്, പേരുമല എന്നവർക്ക് 40,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട് (നാളിതു വരെ കൈപ്പറ്റിയ-360000/-). ടിയാളുടെ ഫയലിലുള്ള ബാങ്ക് പാസ് ബുക്ക് രേഖ പ്രകാരം അക്കൌണ്ട് നമ്പർ 31105024105 ആണ്. എന്നാൽ തുക കൈമാറിയിരിക്കുന്നത് 67260438052 എന്ന അക്കൌണ്ടിലേക്കാണ്. ടി അക്കൌണ്ട് ശ്രീമതി ഓമന സി. യുടേതാണ് എന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.58/18-10-23 ന് മറുപടി ലഭ്യമാക്കിയില്ല. പരാമർശ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-39 ലൈഫ് ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

2021-22 വർഷത്തെ ലൈഫ് അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കരാർ വർഷം | അവസാനം തുക കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയത് |
|---|---|---|---|
| സൂര്യ.എസ്.<br>സുരേഷ് ഭവൻ<br>പരിക്കപ്പാറ | 2020-21 | 27-2-21 | 40000 |
| ഷിബു. ആർ<br>ഊരൻ കുഴി കുന്നുംപുറത്ത് വീട് | 2020-21 | 27-2-21 | 40000 |

| | | | |
|---|---|---|---|
| ഭാരതി<br>ചരുവിള പുത്തൻ വീട്<br>മുക്കടിൽ | 2020-21 | 3-3-21 | 40000 |
| ലിജി.ബി.<br>വാലിക്കുന്ന് കോളനി<br>വേങ്കമല | 2020-21 | 3-3-21 | 200000 |
| ശ്യാമ.എസ്.എസ്<br>പുത്തരി പൊയ്കവീട്, കോലിയക്കോട് | 2022-23 | 18-10-22 | 40000 |
| സൌമ്യ. പി<br>പടിഞ്ഞാറ്റിയിൽ<br>ഇടത്തറ | 2022-23 | 18-10-22 | 40000 |

ലൈഫ് ഗുണഭോക്താക്കളുമായി ഏർപ്പെടുന്ന കരാർ പ്രകാരം 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ മേൽ പറഞ്ഞ ഗുണഭോക്താക്കൾ ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-40 ടേക്ക് എ ബ്രേക്ക് പദ്ധതി- വാലിഡ് ആയ ടെണ്ടർ നിലവിലിരിക്കെ പകുതി നിർമ്മാണ പ്രവർത്തനങ്ങൾ മാത്രം കരാറുകാരനെ കൊണ്ട് ചെയ്യിച്ച് 2022-23 വർഷം വീണ്ടും പുതിയ ടെണ്ടർ ക്ഷണിച്ച് പ്രവർത്തി പൂർത്തീകരിച്ചു. അധിക തുക നൽകിയത് വിശദീകരിക്കേണ്ടതാണ്

| ക്രമ നം. | 1 | 2 |
|---|---|---|
| പ്രോജക്റ്റ് നം | 161/22 | 170/23 |
| പ്രോജക്റ്റിന്റെ പേര് | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം -പദ്ധതി | ടേക്ക് എ ബ്രേക്ക് പൂർത്തീകരണം |
| അടങ്കൽ | 1682996 | 1000000 |
| ചെലവ് | 468892 | 921928 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫണ്ടിനം | സി എഫ് സി | സി എഫ് സി |
| ഓഡിറ്റ് എൻക്വയറി നം | 51/18-10-23 | 51/18-10-23 |

ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിനായി 2020-21 വർഷം രൂപീകരിച്ചതാണ് ക്രമ നമ്പർ-1 പ്രകാരമുള്ള പദ്ധതി. 6-11-20 ലെ 127125 നമ്പറായി സാങ്കേതികാനുമതി ലഭിച്ച പ്രസ്തുത പദ്ധതിക്ക് ഇ ടെണ്ടർ ക്ഷണിച്ചതിൽ 3 പേർ പങ്കെടുത്തതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ അരുൺ എസ് - (1260634 രൂപ) സമർപ്പിച്ച ടെണ്ടർ 4-1-21 തിയ്യതിയിലെ 1(1) പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയും 18-1-21 ന് 49-ാം നമ്പറായി കരാർ വച്ച് 18-1-21 ന് സൈറ്റ് കൈമാറുകയും ചെയ്തു. 3-6-21 ന് First Part Bill തുകയായ 468892/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 3-8-21 ലെ 2(8) തീരുമാന പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തു.

ക്രമ നമ്പർ-2 പദ്ധതി പ്രകാരം 1000000 ലക്ഷം രൂപ അടങ്കൽ വച്ച് ടേക്ക് എ ബ്രേക്ക് പൂർത്തീകരിക്കുന്നതിനു വേണ്ടി വീണ്ടും പദ്ധതി രൂപീകരിക്കുകയും 4-11-22 ലെ 43336/22 നമ്പറായി സാങ്കേതികാനുമതി വാങ്ങുകയും ഇ- ടെണ്ടർ ക്ഷണിച്ച് കുറവ് നിരക്ക് രേഖപ്പെടുത്തിയ എസ്. സുരേഷ് (725114) എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. 6/1/23 തിയ്യതിയിലെ 2(8) തീരുമാന പ്രകാരം ടി ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. 3-2-23 ന് 42-ം നമ്പറായി കരാർ വച്ച് 7-2-23 ന് സൈറ്റ് ഏറ്റെടുത്ത് പ്രവർത്തി ആരംഭിക്കുകയും തൻവർഷം 921928/- രൂപക്ക് പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. 18% ജി.എസ്.ടി. ഉൾപ്പെടെ കണക്കാക്കിയാലും 66293/-രൂപ അധികം നൽകിയതായി കാണുന്നു. വിശദീകരിക്കേണ്ടതാണ്.

2021-22 ൽ 1260634/- രൂപ ചെലവിൽ പ്രവർത്തി പൂർത്തീകരിക്കാവുന്നതായിരുന്നിട്ടും ടി പദ്ധതിയിൽ ഭാഗികമായി തുക ചെലവഴിക്കുകയും പുതിയതായി പദ്ധതി രൂപീകരിക്കയും ടെണ്ടർ നടപടിയടക്കം വീണ്ടും ആവർത്തിച്ചത് ഏത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കുന്നതിനായി ആവശ്യപ്പെട്ടതിൽ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം പദ്ധതി തൻവർഷം ഇ ഗ്രാം സ്വരാജിൽ സി എഫ് സി അൺടൈഡ് ഫണ്ടിന്റെ ലഭ്യത കുറവു മൂലം 2022-23 വർഷത്തെ സ്പിൽ ഓവർ പദ്ധതിയാക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടായിരുന്നതെന്നും ആയതിനാൽ 2022-23 വർഷത്തിൽ ലഭ്യമായ സി എഫ് സി അൺടൈഡ് ഫണ്ടിൽ നിന്നും പുതിയ പ്രോജക്റ്റ് ടേക്ക് എ ബ്രേക്ക് പൂർത്തീകരണം എടുത്ത് ഡി.പി.സി.

അംഗീകാരം നേടി പ്രവർത്തി പൂർത്തീകരിക്കുകയാണ് ഉണ്ടായത് എന്നാണ്. ഫണ്ട് ലഭ്യതക്കനുസരിച്ചും പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരാത്ത രീതിയിലും പദ്ധതികൾ നടപ്പിലാക്കുന്നതിനും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-41 ടോയ്‌ലെറ്റ് നവീകരണം -രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0111/23 |
| പ്രോജക്ടിന്റെ പേര് | **റെട്രോഫിറ്റിംഗ്** |
| അടങ്കൽ | 5,20,000/- (CFC) |
| ചെലവ് | 3,70,000/- |
| ബിൽ നമ്പർ | 193/012.12.2022-165000<br>286/15-2-23-70000<br>357/17-3-23-100000<br>468/29-3-23-35000 |
| നിർവ്വഹണോദ്യോഗസ്ഥൻ | **വി.ഇ.ഒ.-2** |

പ്രോജക്റ്റ് പ്രകാരം ടോയ്‌ലെറ്റ് നിർമ്മാണത്തിനായി തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 10000/- രൂപ വെച്ച് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1. താഴെ ചേർക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള അക്കൌണ്ടും ആനുകല്യം നൽകിയ ബാങ്ക് അക്കൌണ്ടും വ്യത്യാസം കാണുന്നു

| ഗുണഭോക്താവിന്റെ പേര് | ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള അക്കണ്ട് | തുക കൈമാറിയ അക്കൌണ്ട് |
|---|---|---|
| വാസു പിള്ള ജനി ഭവൻ , കുനൻ വേങ്ങ | 4034101053470 | 020651200430751 |
| വിജയമ്മ സന്തോഷ് ഭവൻ | 30826913306 | 322801000004056 |
| റോസമ്മ | 31467497261 | 020131200431766* |

*റോസമ്മ എന്ന ഗുണഭോക്താവിന് ആദ്യ ഗഡുവായ 5000/-രൂപ അപേക്ഷക്കൊപ്പം ലഭ്യമാക്കിയ ബാങ്ക് അക്കൌണ്ടിലേക്കും എന്നാൽ രണ്ടാമത്തെ ഗഡു 5000/-രൂപ മേൽ രേഖപ്പെടുത്തിയ അക്കൌണ്ടിലേക്കും ആണ് നൽകിയിരിക്കുന്നത്. മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് തുക കൈമാറിയ ബാങ്ക് അക്കൌണ്ട് ടിയാരുടേത് തന്നെയാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2. രണ്ട് ഗഡുക്കളും കൈപ്പറ്റിയ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ ഫയലിൽ ലഭ്യമല്ല

എ. നജീബ. എ. സഫ്ന മൻസിൽ,ആലുവിള

ബി. ഉഷാദേവി അമ്മ,സൂര്യ ഭവൻ, പുലിമുട്ട് കോണം,

സി. ഉഷാകുമാരി റ്റി. കൈപ്പള്ളി വീട്, പന്തപ്ളാവി ക്കോണം

ഡി. സുകു/രമണി, ചെമ്മണാം കുന്ന് ചിറക്കര പുത്തൻ വീട്

ഇ. ലില്ലി , ചരുവിള പുത്തൻ വീട്, ഈന്തിവിള

എഫ്. ബാബു.പ്രദീപ് ഭവൻ, മേക്കുംകര, ശക്തിപുരം

ജി. റാഷിദ ബീവി, പണയിൽ വീട്, കല്ലുങ്കിൻ മുഖം

3. പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയില്ല

മേൽ അപാകങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 55/18-10-23 ന് മറുപടി ലഭ്യമാക്കിയില്ല. പരാമർശ പ്രകാരമുള്ള രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-42 എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

എച്ച്.എം. നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ പ്രകാരം എസ്.എസ്.എ.ക്ക് തുക കൈമാറിയിട്ടുണ്ട്. വിനിയോഗ വിവരം ലഭ്യമായതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 52 /18 -10-23 )ക്ക് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | പദ്ധതി നമ്പർ | പദ്ധതി | സ്ഥാപനം | ഫണ്ടിനം | ബിൽ നമ്പർ/ | തുക |
|---|---|---|---|---|---|---|
| 1 | 82/23 | എസ് എസ് എ വിഹിതം നൽകൽ (Scp) | ബി ആർ സി ആറ്റിങ്ങൽ | വികസന ഫണ്ട്(എസ്. സി.പി.) | 108/7-10-22 | 300000 |
| 2 | 81/23 | എസ് എസ് എ വിഹിതം നൽകൽ (ജനറൽ) | ബി ആർ സി ആറ്റിങ്ങൽ | വികസന ഫണ്ട് (ജനറൽ) | 107/7-10-22 | 700000 |

മേൽ പ്രകാരം കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-43 ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പദ്ധതികളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - 449100/- രൂപ തടസ്സപ്പെടുത്തുന്നു

2022-23 വർഷം ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് റിക്വിസിഷൻ (നമ്പർ 1 തീയതി 11.10.23) നൽകിയിരുന്നുവെങ്കിലും രണ്ട് ഫയലുകൾ ഒഴികെ മറ്റുള്ളവ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. പരിശോധനയ്ക്ക് ലഭ്യമാക്കാത്ത ഫയലുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പദ്ധതിയുടെ പേര് | വീടൊരു വിദ്യാലയം വീട്ടിലൊരു ലൈബ്രറി - പട്ടികജാതി വിഭാഗം |
| പ്രോജക്ട് നമ്പർ | 54/23 സ്പിൽ ഓവർ |
| അടങ്കൽ | 125000/- വികസന ഫണ്ട് (എസ് സി പി) |
| ചെലവ് | 124887/- |
| ബിൽ | 1. 99/30.09.2022 - 109887<br>2. 178/2.12.22 - 15000 |

2)

| | |
|---|---|
| പദ്ധതിയുടെ പേര് | കളിപ്പെട്ടി പട്ടികജാതി വിഭാഗം |
| പ്രോജക്ട് നമ്പർ | 55/23 സ്പിൽ ഓവർ |
| അടങ്കൽ | 125000/-വികസന ഫണ്ട് (എസ് സി പി) |
| ചെലവ് | 125000/- |
| ബിൽ | 29/30.06.2022 - 125000 |

3)

| | |
|---|---|
| പദ്ധതിയുടെ പേര് | വീടൊരു വിദ്യാലയം വീട്ടിലൊരു ലൈബ്രറി - ജനറൽ |
| പ്രോജക്ട് നമ്പർ | 53/23 സ്പിൽ ഓവർ |

| | |
|---|---|
| അടങ്കൽ | 200025/- വികസന ഫണ്ട് ജനറൽ, തനത് ഫണ്ട്) |
| ചെലവ് | 199213/- |
| ബിൽ | 1.98/30.9.2022 – 179213<br>2. 179/2.12.22 - 20000 |

ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 449100/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച് രണ്ട് മാസത്തിനുള്ളിൽ ഫയലുകൾ പരിശോധനയ്ക്കായി ഹാജരാക്കാത്ത പക്ഷം 449100/- രൂപ ചെലവുകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്.

## 1-44 അതിദരിദ്രർക്കുള്ള മരുന്നും ചികിത്സയും ബ്ലോക്ക് വിഹിതം സുലേഖയിൽ ചെലവു വന്നത് 190000/-ചെലവു രേഖകൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നം. | SO247/23 |
| പ്രോജക്ടിന്റെ പേര് | അതിദരിദ്രർക്കുള്ള മരുന്നും ചികിത്സയും |
| അടങ്കൽ | 2,00,000/- |
| ചെലവ് | 1,90,000/- |
| ഫണ്ട് | ബ്ലോക്ക് ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

പുല്ലമ്പാറ പഞ്ചായത്തിലെ അതിദരിദ്രർക്ക് മരുന്നും ചികിത്സയും നൽകുന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 190000/- രൂപ IHDB യ്ക്ക് കൈമാറിയത് സുലേഖ ചെലവു പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക കൈമാറിയതു പ്രകാരം മരുന്നുകൾ ലഭ്യമായതിന്റെയും, തുക കൈമാറിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണവും ലഭ്യമാക്കുവാനുള്ള ഓഡിറ്റ് എൻക്വയറിക്കുള്ള (നം.26/18/10/23) മറുപടിയായി 2 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള പ്രോജക്ടിൽ 190000/- രൂപയുടെ മരുന്നുകൾ IHDBയിൽ നിന്നും വാങ്ങുന്നതിനുള്ള ബില്ല് തയ്യാറാക്കി പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുകയും പ്രസ്തുത തുക ബ്ലോക്ക് ഫണ്ടായതിനാൽ ക്രെഡിറ്റ് വിവരങ്ങൾ സാംഖ്യയിൽ നിന്നും ലഭ്യമാകാത്തതിനാൽ പഞ്ചായത്ത് സെക്രട്ടറിയെ സമീപിക്കുകയും തുക പാസായില്ല എന്ന വിവരമാണ് ലഭിച്ചതെന്നും 26/18.10.23-നുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

## 1-45 പച്ചക്കറി തൈ വിതരണം - ഗുണഭോക്തൃ ലിസ്റ്റിൽപെടാത്തവർക്ക് നൽകി

| | |
|---|---|
| പ്രോജക്ട് നം. | SO174/23 |
| പ്രോജക്ടിന്റെ പേര് | ഞങ്ങളും കൃഷിയിലേയ്ക്ക് - പച്ചക്കറി തൈ വിതരണം |
| അടങ്കൽ | 150000/- |
| ചെലവ് | 150000/- |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഹിതം - സാധാരണ വിഹിതം, |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പദ്ധതിയിലുൾപ്പെടുത്തി എല്ലാ കുടുംബങ്ങളും പച്ചക്കറി കൃഷി ആരംഭിക്കുന്നതിനുള്ള പദ്ധതിയാണിത്. മേൽ പദ്ധതി പ്രകാരം ഒരാൾക്ക് 40 എണ്ണം വീതം 1500 പേർക്ക് 60000 പച്ചക്കറി തൈകൾ (100% സബ്സിഡി) പുല്ലമ്പാറ കാർഷിക സേവന കേന്ദ്രം ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടുള്ള വിതരണ രജിസ്റ്റർ പരിശോധിച്ചതു പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്ത ചുവടെചേർക്കുന്നവർക്ക് വിതരണം ചെയ്തതായി കാണുന്നു.

1. സഫീലാ ബീവി, സ്വാബിർ മൻസിൽ, കലുങ്കിൻമുഖം, പുല്ലമ്പാറ.

2.ആരിഫാ ബീവി, ദാറുൽ ഫിർദൗസ്, പേരുമല.

3. ഷീന.എസ്, ദാരുൽ ഫിർദൗസ്, പേരുമല.

4. രജനി.സി, ഗോകുലം, നെടുംകൈത.

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ്

എൻക്വയറി നം.54/18.10.2023-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

ഗ്രാമസഭ തെരഞ്ഞെടുത്ത് ഭരണസമിതി അംഗീകാരം നേടിയ ഗുണഭോക്തൃലിസ്റ്റ് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള പ്രോജക്ടുകളുടെ ഗുണഭോക്തൃ ലിസ്റ്റുകൾ കൃഷിഭവനുമായി ബന്ധപ്പെട്ട സമൂഹമാധ്യമ ഗ്രൂപ്പുണ്ടെങ്കിൽ ആയതിൽ കൂടി പ്രസിദ്ധപ്പെടുത്തേണ്ടതും ഇതിലൂടെ ഗുണഭോക്താക്കൾ വന്നു ചേരുന്നതിനിടയാകുകയും ഇത്തരം സാഹചര്യം ഒഴിവാക്കാനാവുകയും ചെയ്യും.

## 1-46 പാലിയേറ്റീവ് പരിചരണം - പ്രവർത്തനാവലോകനം

07.03.2019 ലെ സർക്കാർ ഉത്തരവ് (സാ.ധാ) നം.553/2019 പ്രകാരമാണ് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്. പദ്ധതിയുടെ 2022-23ലെ പ്രവർത്തനങ്ങളെപ്പറ്റി ചുവടെ കൊടുക്കുന്നു.

ആയുർവേദ/ ഹോമിയോപ്പതി ചികിത്സാരീതി അവലംബിക്കുന്ന കിടപ്പിലായ രോഗികളെ മാസത്തിൽ ഒന്നോ രണ്ടോ ദിനങ്ങൾ ഹോമിയോ ഡോക്ടർ ഗൃഹസന്ദർശനം നടത്തുന്നുണ്ട്. പാലിയേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികളുടെയും കുടുംബാംഗങ്ങളുടെയും കുടുംബസംഗമം സബ് സെന്റർ തലത്തിൽ ബന്ധപ്പെട്ട വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ നടത്തുന്നുണ്ട്. ഫാർമസിസ്റ്റ് മുൻകൂട്ടി ഇന്റന്റ് നൽകുകയും ഹോം കെയർ സാധനങ്ങൾ മൂന്നോ നാലോ മാസത്തേയ്ക്ക് സ്റ്റോക്കിലുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും ആരോഗ്യപ്രവർത്തകരുടെ അവലോകന യോഗം നടത്തുകയും സർക്കാരിതര പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ ഡോക്ടർ, നഴ്സ്, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ യോഗം പി.എം.സി. വിളിച്ചു ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങളും പ്രത്യേക പരിശീലനവും നൽകുന്നുണ്ട്. (ഓഡിറ്റ് അന്വേഷണം നം.27/18.10.2023ന് ലഭ്യമായ മറുപടി)
പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) ഓരോ സാമ്പത്തിക വർഷാരംഭത്തിനു മുമ്പ് രൂപീകരിക്കേണ്ടതാണ്. പി.എം.സി രജിസ്റ്റർ പരിശോധിച്ചപ്പോൾ 20.3.2020 ന് ശേഷം 7.10.2022 നാണ് പി.എം.സി കൂടിയിട്ടുള്ളത്. പി.എം.സി. ആവശ്യാനുസരണം യോഗം ചേരേണ്ടതും മെമ്പർ സെക്രട്ടറി വരവു ചെലവു കണക്കുകൾ, അവലോകന റിപ്പോർട്ട് എന്നിവ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഫിസിയോതെറാപ്പി ആവശ്യമായ രോഗികൾക്ക് സെക്കണ്ടറി തലത്തിൽ ഒരു തവണ ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ പാലിയേറ്റീവ് കെയർ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യുന്നുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| ജില്ല പഞ്ചായത്ത് | 164/23-ഹരിത ഭവനം | 70000 | |
| | 83/23-സ്നേഹസ്പർശം | 238500 | 0 |
| | 219/23-ലൈഫ് ഭവന പദ്ധതി | 2728975 | 0 |
| | 20/23-ലൈഫ് ഭവന പദ്ധതി 2020-(SC) | 520000 | 0 |

| | | | |
|---|---|---|---|
| | 122/23 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 86386 | 0 |
| ആകെ | | 3643861 | 0 |
| | 226/23- അതി ദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്കു വീട് അറ്റകുറ്റപണി | 100000 | 0 |
| | 247/23 അതിദരിദ്രർക്കുള്ള മരുന്നും ചികിൽസയും | 190000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 83/23-സ്നേഹസ്പർശം | 263625 | 0 |
| | 225/23 ലൈഫ് ഭവന നിർമ്മാണം | 69000 | 0 |
| | 219/23-ലൈഫ് ഭവന പദ്ധതി | 320000 | 0 |
| | 18/23--ലൈഫ് ഭവന പദ്ധതി 2020 -21(ജനറൽ) | 120000 | 0 |
| | 122/23 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 111256 | 0 |
| ആകെ | | 1173881 | 0 |

| | 21-22 B4 പ്രകാരമുള്ള നീക്കി യിരിപ്പ് | 22-23 RP 30/I&E-I6 പ്രകാരമുള്ള വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | നീക്കിയിരിപ്പ് | 22-23 B4 പ്രകാരമുള്ള നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 59622 | 3643861 | 3703483 | 3643861 | 59622 | 59622 | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1110474 | 1994881 [983881 – 289000 + 1300000] | 3105355 | 1173881 | 1931474 | 2121474* | 190000 |

* A F S പ്രകാരം സംയുക്ത പ്രോജക്റ്റിനായി ലഭിച്ച തുകയിൽ ചുവടെ ചേർത്തിരിക്കുന്ന നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. കൂടാതെ Joint Venture Revenue Expenditure Block Panchayath ഇനത്തിൽ RP (30) Receipts പ്രകാരം വരവ് 13,00,000/- രൂപയാണ്. പ്രസ്തുത ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ ചെലവ് 2,89,000/- രൂപയാണ്. അതായത് I6, RP(30) എന്നിവ പ്രകാരം 2022-23 വർഷത്തെ യഥാർത്ഥ വരവ് [983881 + (1300000 – 289000)] 1994881/-രൂപയാണ്. SO247/23 നമ്പർ പദ്ധതി പ്രകാരം അതിദരിദ്രർക്കുള്ള മരുന്നും ചികിത്സയും ബ്ലോക്ക് വിഹിതം 190000/ രൂപ സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ യഥാർഥത്തിൽ ചെലവു വന്നിട്ടില്ല. എന്നാൽ പ്രസ്തുത ചെലവ് ബ്ലോക്ക് വിഹിതത്തിൽ കുറവു ചെയ്തിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പിൽ 190000/-രൂപയുടെ വ്യത്യാസമുണ്ട്. എന്നാൽ സുലേഖയിലെ 190000/-രൂപയും ചെലവും തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (ഖ.1-1-18(a, B), 1-44 എന്നിവ കാണുക).

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 3/23 പുല്ലമ്പാറ ഗ്രാമ പഞ്ചായത്തിലെ വിവിധ വൈദ്യുത പോസ്റ്റുകൾ റോഡിന്റെ പാർശ്വഭാഗത്തേക്ക് മാറ്റി സ്ഥാപിക്കൽ | 199500 | 0 | 199500 |

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23-വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2022-23 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 832958 | 199500 | 1032458 | 0 | 1032458 | 832958* |
| കേരള വാട്ടർ അതോറിറ്റി | 6769032 | 0 | 6769032 | 0 | 6769032 | 6769032 |
| ഗ്രൗണ്ട് വാട്ടർ ഡിപാർട്ട്മെന്റ് | 354900 | 0 | 354900 | 0 | 354900 | 354900 |

*2021-22 B-18 ഷെഡ്യൂൾ പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നൽകിയതിൽ അവശേഷിക്കുന്ന തുകയായ 832958/- രൂപയാണ് 2022-23 വർഷവും B-18 ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്നത്. RP 49 (R), (P) എന്നിവ പ്രകാരം വരവും ചെലവും ഇല്ല. എന്നാൽ സുലേഖ ചെലവ് പത്രിക പരിശോധിച്ചതിൽ തൻവർഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നിക്ഷേപ പ്രവൃത്തിക്കായി പ്രോജക്റ്റ് നമ്പർ 3/23, 199500/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഡെപ്പോസിറ്റ് ഹെഡിൽ ഉൾപ്പെടുത്താത്തതിനാലാണ് B-18 ഷെഡ്യൂളിൽ വരാത്തത് എന്ന് അറിയിച്ചിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| HUDCO | 64203425 | 10980000 | 75183425 | 5864783 | 69318642 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| മുന്നിരിപ്പ് | : | 16429936.30 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 55276952.00 |
| ആകെ | | 7170688.30 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 41113102.00 |
| നീക്കിയിരിപ്പ് | : | 30593786.30 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3491278.00 |

**(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 165000 | സാവിത്രി.എ, ഐ സി ഡി എസ് സൂപ്പർ വൈസർ |
| 1-18 | 787875 | സാവിത്രി.എ, ഐ സി ഡി എസ് സൂപ്പർ വൈസർ |
| 1-19 | 80400 | സാവിത്രി.എ, ഐ സി ഡി എസ് സൂപ്പർ വൈസർ |
| 1-20 | 31000 | സാവിത്രി.എ, ഐ സി ഡി എസ് സൂപ്പർ വൈസർ |
| 1-21 | 9180 | സാവിത്രി.എ, ഐ സി ഡി എസ് സൂപ്പർ വൈസർ |
| 1-22 | 334080 | മനോജ് കുമാർ എം. പി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 344091 | സാവിത്രി.എ, ഐ സി ഡി എസ് സൂപ്പർ വൈസർ |
| 1-27 | 225000 | ഡോ. ദീപു. ബി.എസ്. വെറ്ററിനറി സർജ്ജൻ |
| 1-30 | 199500 | സന്തോഷ് കുമാർ റ്റി, സെക്രട്ടറി |
| 1-31 | 96000 | സന്തോഷ് കുമാർ റ്റി, സെക്രട്ടറി |
| 1-33 | 488052 | സന്തോഷ് കുമാർ റ്റി, സെക്രട്ടറി |
| 1-34 | 182000 | സന്തോഷ് കുമാർ റ്റി, സെക്രട്ടറി |
| 1-35 | 100000 | ചിത്ര.കെ .ആർ, വി ഇ ഒ-2 |
| 1-43 | 125000 | ഷൈജ. എം.ഹെഡ് മിസ്ട്രസ് |
| 1-43 | 324100 | സജികുമാർ,ഹെഡ് മാസ്റ്റർ |
| ആകെ | 3491278 | |

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| സാവിത്രി.എ, ഐ സി ഡി എസ് സൂപ്പർ വൈസർ | മാണിക്കൽ ഗ്രാമപഞ്ചായത്ത് | ചിഞ്ചുമ, മന്തിക്കുഴി, പരുത്തി കുഴി . പി ഒ, നെല്ലനാട് |
| ശ്രീ.സന്തോഷ്കുമാർ.റ്റി | ഉഴമലക്കൽ ഗ്രാമപഞ്ചായത്ത് | സന്തോഷ് ഭവൻ , സി പി നഗർ , മുട്ടട |
| മനോജ് കുമാർ എം. പി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത് | എം. പി ഹൌസ് ആലന്തറ വെഞ്ഞാറ മൂട് |
| ചിത്ര.കെ .ആർ, വി ഇ ഒ-2 | വി ഇ ഒ പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത് | റ്റി സി 10/813 പ്രിയ ഭവൻ മണ്ണന്തല |
| ഷൈജ. എം. ഹെഡ്മിസ്ട്രസ് | ഹെഡ് മിസ്ട്രസ് നെടുമങ്ങാട് ടൌൺ യു. പി. എസ്. | ജൌഹില്യ, പനവൂർ. പി.ഒ. |
| സജികുമാർ, ഹെഡ്മാസ്റ്റർ | ജി.എൽ.പി.എസ്. മേത്തൊട്ടി തൊളിക്കോട് | ചരുവിള വീട് പിരപ്പൻ കോട് |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2016-17 | കെ.എസ്.എ.റ്റി.വി.എം ജി.പി 13/1800/2022 തീയതി 1.10.22 | 3-1, 3-2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/488 /19തീയതി 11-4-19 | 27 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/1064 /2020തീയതി 10/11/2020 | 50 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/73/2022 തീയതി 04/03/2022 | 44 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/905/2022 തീയതി 23/06/2022 | 29 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം ജി.പി 13/346 /2023തീയതി 22/03/2023 | 34 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4 (1) dated 13-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Pullampara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pullampara Grama Panchayat for the year 2022-2023

**Date: 18/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Pullampara Grama Panchayat for the Year 2022-2023 .

**1.Major Observations**

1) Deficit Balance has been recorded as per Income and Expenditure Statement- There is a deficit of Rs. 205124/- for the financial year which is to be explained.

2) Misclassification of Voucher-Exclusion reflects in balance sheet. The amount as per B-18 Schedule of 2021-22 and 2022-23 remains the same for Deposit work, as a result of exclusion of the amount sanctioned to KSEB vide project no. 3/23, 199500/- during 2022-23 from deposit head.

**2.Other Observations**

1. The financial ratios, notes to accounts are not submitted for audit.

2. Lapses in making timely and accurate demand entries in respect of tax revenue.

3. The valuation of stock and stores are not done at the end of the financial year and no amount is included in the B-14

Stock in hand (inventories) schedule.

4. Net increase in cash flow (Rs.6280341/-) does not match with the difference between the opening balance of cash and cash equivalents (Rs.14163850/-).

5. Cheques issued but not presented into bank. The details of encashment or validation of cheques issued for an amount of Rs. 9,75,879./- of SBI (36488304542) are not submitted for verification. The expired cheque has not been transferred to stale cheque head.

6. Cheque deposited but not cleared- The details of encashment or validation of various cheques of SBI (36488304542) and SBI (37267823686) for Rs. 24,380/- and Rs. 12,610 /-respectively are not submitted for verification.

7. Advance to implementing officers - the closing balance of B-18 Schedule does not reconcile with the balance as per receipt and payment of concerned head.

8. Closing balance of Distress Relief fund in B 2 Schedule does not agree with that of B-17 and RP 40 b Schedules. A difference of Rs. 14205/- is recorded.

9. Details of the following accounts started during 2022-23 are not included in RP 40(b) Schedule.

1) MGNREGS a/c SBI 41690139213

2) Canara Bank Health A/c 110042519817

10. The part bill amount of Rs.500726/-for capital work is not fully included in Capital Work in Progress Schedule(B-11(b))

11. No provision is recorded in balance sheet (B-9 schedule) for unrealized expenditure during the financial year such as salary of March, Honorarium of members, fuel charges etc.)

12. Misclassification of receipt voucher. eg. An amount of 2550 /- collected in respect of Forest Development tax - Institutions and wrongly entered in theValue Added Tax head.

13. The closing balance of CFC Grant fund in the B-4 schedule does not match with respective bank account balance. There is a difference of Rs. 1664/-.

14.Closing balance of Specific grant, Grant from Suchitwa mission in B4 Schedule does not match with that of B-17 and RP 40 b Schedules.

15. Closing Balance of Joint venture projects- Block Share does not match with that of AFS. Difference is 190000/-

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്